408
VOL. 18 | ISSUE 17
Pages 12

# ഹാലേലൂയ്യ

1-15 OCTOBER, 2013 • ക്രൈസ്തവ ദ്വൈവാരിക
Published From Thiruvalla on September 15 Reg. No. KL/KTM/209/2012-14 News Paper RN.No. 68759/96
Price Rs. 10/-

**പർപ്പസ് ഡ്രിവൺ ലൈഫ് എന്ന ഒറ്റ പുസ്തകത്തിലൂടെ ഈ കാലഘട്ടത്തിൽ ലക്ഷക്കണക്കിന് ജനങ്ങളെ പോസിറ്റീവായി സ്വാധീനിച്ച പാസ്റ്റർ റിക് വാറന്റെ ജീവിതത്തിലെ ഏറ്റവും വേദനാജനകമായ ഒരേട് – പ്രിയമകന്റെ ആത്മഹത്യ. റിക് വാറനും കുടുംബവും ഈ നിർണ്ണായക പ്രതിസന്ധിയെ നേരിട്ടതെങ്ങിനെ?**



# റിക് വാറൻ പഠിപ്പിക്കുന്ന പാഠങ്ങൾ

**ബഞ്ചമിൻ ഇടക്കര**

ലോകപ്രശസ്ത സുവിശേഷകനും, കാലിഫോർണിയായിലെ സാഡിൽബാക്ക് മെഗാ ചർച്ചിന്റെ പാസ്റ്ററും ആയ റിക് വാറനെക്കുറിച്ച് കേൾക്കാത്തവർ കുറവായിരിക്കും. ആത്മീയമായും, സാമൂഹ്യമായും, സാമ്പത്തികമായും ഔന്നത്യത്തിൽ നില്ക്കുന്ന റിക് വാറൻ-കേ ദമ്പതികളുടെ കുടുംബത്തിൽ സംഭവിച്ച അതിഭയങ്കര ദുരന്തത്തെ എങ്ങനെ നേരിട്ടുവെന്ന് അവർ ഈയിടെ സി.എൻ.എന്നിന് ആദ്യമായി നൽകിയ അഭിമുഖത്തിൽ പറയുന്നുണ്ട്. ഇതിൽ നിന്നും നമുക്ക് പല കാര്യങ്ങൾ പഠിക്കുവാനുണ്ട്. ഈ ജീവിതയാത്രയിൽ ദുരന്തങ്ങളെ മറികടക്കുന്നവർ വിരളമാണ്. ദുരന്തങ്ങളിലൂടെ സഞ്ചരിച്ചവരോ, സഞ്ചരിച്ചുകൊണ്ടിരിക്കുന്നവരോ, സഞ്ചരിക്കുവാൻ പോകുന്നവരോ ആണ് നാമോരോരുത്തരും.

റിക്ക് വാറന്റെ 'പർപ്പസ് ഡ്രിവൺ ലൈഫ്' (ലക്ഷ്യാധിഷ്ഠിത ജീവിതം) എന്ന പുസ്തകം നാം ഇവിടെ ഈ ഭൂമിയിൽ എന്തിന് വേണ്ടി എന്ന ചോദ്യത്തിനുള്ള ഉത്തരം നൽകുന്നു. നാം നമുക്ക് വേണ്ടിയല്ല, നമ്മെ സൃഷ്ടിച്ചതു ദൈവമെങ്കിൽ ആ ദൈവത്തിന്റെ ഉദ്ദേശ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ് നാമെന്ന സത്യം അദ്ദേഹം തുറന്നു കാട്ടി. ഈ സത്യം തിരിച്ചറിയുന്നതുവരെ ഈ ജീവിതത്തിൽ ഉഴന്നലഞ്ഞു നടക്കാനെ കഴിയൂ. ഈ സത്യത്തെ അറിയുകയെന്നാൽ ദൈവത്തെ (സൃഷ്ടിതാവിനെ) അറിയുകയെന്നാണ് അർത്ഥം. ഈ ദൈവത്തിലാണ് നമ്മുടെ ആരംഭവും, വ്യക്തിത്വവും, നമ്മുടെ അർത്ഥവും, ഉദ്ദേശ്യവും, പ്രാധാന്യവും, അന്തവും നാം കണ്ടെത്തുന്നത്. മൂന്നുലക്ഷത്തി അറുപതിനായിരത്തിലധികം കോപ്പികൾ വിറ്റഴിഞ്ഞ ഈ പുസ്തകത്തിന് ലഭിച്ച സ്വീകാര്യതക്ക് പിന്നിൽ തന്റെ ജീവിതത്തെക്കുറിച്ചും ദൈവത്തിന് പദ്ധതിയുണ്ടെന്ന് റിക്കിനറിയാമായിരുന്നു.

മനുഷ്യൻ പിശാചിന്റെ ചതിക്കുഴിയിൽ വീഴുന്നത് പട്ടിണിയുള്ളപ്പോഴത്തേക്കാൾ സമ്പന്നനാകുമ്പോഴാണെന്ന ആത്മജ്ഞാനം അദ്ദേഹത്തിനുണ്ടായി. ഈ തിരിച്ചറിവിൽ നിന്നാവണം പുസ്തകം വിറ്റു കിട്ടിയ പണത്തിൽ നിന്നും കഴിഞ്ഞ 25 വർഷം സഭയിൽ നിന്ന് ലഭിച്ച ശമ്പളം മുഴുവൻ മടക്കി നൽകി. തുടർന്ന് ശമ്പളം വാങ്ങുന്നത് നിർത്തി. അദ്ദേഹവും ഭാര്യയും 10%ത്തിനു പകരം വരുമാനത്തിന്റെ 25% ദൈവനാമത്തിന് നൽകി. ഉടുതുണിക്ക് മറുതുണിയില്ലാത്തവർ പില്ക്കാലത്ത് സുവിശേഷത്തിന്റെ പേരിൽ കുബേരന്മാരായപ്പോൾ പട്ടിണി കിടക്കുന്ന സ്വന്തം അമ്മക്ക് പിറന്ന സഹോദരങ്ങളോട് പോലും ദയ കാണിക്കാതെ മറന്നു കളഞ്ഞ കഥ നമ്മുടെ ഇടയിലില്ലേ? പിതാക്കന്മാർ ദൈവത്തെ വിളിച്ചതിന്റെ പേരിൽ ലഭിച്ച അനുഗ്രഹമാണിതെന്ന് (അങ്ങനെ അല്ല കേട്ടോ) പറഞ്ഞ് സുഖിക്കുന്ന സഹോദരന്മാർക്കും ഈ ദമ്പതികൾ ഒരു മാതൃക ആകട്ടെ. കൂടുതൽ കിട്ടാൻ ദൈവത്തിന് കൊടുക്കുന്നവരും അങ്ങനെ പഠിപ്പിക്കുന്നവരും നമ്മുടെയിടയിൽ ധാരാളമുണ്ട്. എന്നാൽ എല്ലാം ദൈവത്തിൽ നിന്ന് ലഭിച്ചതിനാലും, എല്ലാം അവന്റേതെന്ന ബോധ്യത്തിലും, അവനോടുള്ള ബന്ധത്തിലും സ്നേഹത്തിലും വേണം കൊടുക്കുവാനെന്ന് റിക് ദമ്പതികൾ നമ്മെ പഠിപ്പിക്കുന്നു. മക്കൾക്ക് നല്ല ജോലി ലഭിക്കുവാനും, രോഗം വരാതിരിക്കുവാനും, പിഴച്ചു പോകാതിരിക്കുവാനും, ഇരട്ടി ലഭിക്കാനുമൊന്നുമല്ല ദൈവസന്നിധിയിൽ അർപ്പിക്കേണ്ടത്. അങ്ങനെയുള്ള അർപ്പണത്തിൽ കള്ളന്റെ നേർച്ചയിടുമ്പോഴുള്ള മനോഭാവം ഒളിഞ്ഞു കിടപ്പുണ്ട്. കൊടുത്തതിന് തിരികെ കിട്ടുമായിരുന്നെങ്കിൽ റിക്കിന് തന്നെയായിരുന്നു ദൈവം നൽകേണ്ടിയിരുന്നത്. എന്നാൽ ദൈവം റിക്കിന് നൽകിയതെന്താണ്?

2002-ലാണ് പർപ്പസ് ഡ്രിവൺ ലൈഫെന്ന പുസ്തകം ആദ്യമായി പുറത്തുവരുന്നത്. പുസ്തകത്തിന്റെ വിജയത്തിൽ ദൈവത്തോട് നന്ദി കാട്ടുവാൻ റിക്കിനുണ്ടായ ആവേശം ലോകമെങ്ങുമുള്ള സുവിശേഷകരെ പരിശീലിപ്പിക്കുന്ന പദ്ധതിയിൽ കൊണ്ടെത്തിച്ചു. ഭാര്യ കേ ആകട്ടെ 12 ദശലക്ഷം വരുന്ന ആഫ്രിക്കയിലെ എയിഡ്സ് ബാധിച്ച കുട്ടികളുടെ സംരക്ഷണത്തിന് എന്തൊക്കെ ചെയ്യാ

ശേഷം പേജ് 5

## പാസ്റ്റർ ജേക്കബ് ജോണിന്റെ അമേരിക്കൻ സന്ദർശനം പൂർത്തിയായി

# കുമ്പനാട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നു



*അമേരിക്കൻ സന്ദർശനത്തിനിടയിൽ ചിക്കാഗോയിൽ പാസ്റ്റർ ജേക്കബ് ജോണിനും കുടുംബത്തിനും സ്വീകരണം നൽകിയപ്പോൾ.*

കുമ്പനാട്: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിന്റെ പ്രഥമ അമേരിക്കൻ സന്ദർശനം പൂർത്തിയായി. സഭാ ആസ്ഥാനമായ കുമ്പനാട്ട് നിർമ്മാണ-വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് ശേഖരാണാർത്ഥം ജൂലൈ ആരംഭത്തിലാണ് അദ്ദേഹം അമേരിക്കയിലെത്തിയത്. മൂന്നു മാസം നീണ്ട അമേരിക്കൻ സന്ദർശനത്തിനിടയിൽ എല്ലാ പ്രമുഖ പട്ടണങ്ങളിലും അദ്ദേഹത്തിന് സ്വീകരണം നൽകി. പാസ്റ്റർ കെ.ഇ.ഏബ്രഹാമിന് ശേഷം ഒരു ഐ.പി.സി.നേതാവ് ആദ്യമായാണ് സഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് ശേഖരണം നടത്തുന്നത്.


അമേരിക്കയിലെ ഐ.പി.സി.സഭകൾ പാസ്റ്റർ ജേക്കബ് ജോണിന്റെ പ്രൊജക്ടിനോട് വളരെ ആവേശകരമായാണ് പ്രതികരിച്ചത്. തന്റെ യാത്രയിലൂടെ ലഭിച്ച ഫണ്ട് സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ജനറൽ കൗൺസിലിൽ അറിയിച്ച ശേഷം മാധ്യമങ്ങളോട് വെളിപ്പെടുത്തുമെന്ന് പാസ്റ്റർ ജേക്കബ് ജോൺ ഹാലേലൂയ്യായോട് പറഞ്ഞു. ഏകദേശം പത്തു കോടിയിലധികം രൂപയുടെ സാമ്പത്തിക വാഗ്ദാനമാണ് തനിക്ക് ലഭിച്ചിരിക്കുന്നതെന്നറിയുന്നു.

ഒക്ടോബർ ഒന്നിന് ജനറൽ ബോഡിയും തുടർന്ന് ജനറൽ കൗൺസിലും കഴിഞ്ഞ ശേഷമായിരിക്കും കുമ്പനാട്ട് നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. അടുത്ത കുമ്പനാട് കൺവൻഷന് മുമ്പായി നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കുവാനുള്ള നിലയിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ശേഷം പേജ് 2

# റവ. കുക്ക് ആഗമന ശതാബ്ദി കോൺഫ്രൻസ് ഗവർണർ നിഖിൽ കുമാർ ഉദ്ഘാടനം ചെയ്യും

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് സഭകളുടെ സ്ഥാപകനും കേരളത്തിൽ പെന്തെക്കോസ്ത് സന്ദേശത്തിന്റെ ആരംഭകാല പ്രചാരകനുമായിരുന്ന റവ.ആർ.എഫ്.കുക്കിന്റെ ആഗമന ശതാബ്ദിയുടെ ഭാഗമായി ഒക്ടോബർ 21-27 വരെ മുളക്കുഴയിൽ അന്തർദേശീയ കോൺഫ്രൻസ് നടക്കും. ചർച്ച് ഓഫ് ഗോഡ് സഭയുടെ നേതൃത്വത്തിൽ സഭാ ആസ്ഥാനത്തു നടക്കുന്ന ആഘോഷങ്ങൾ കേരളാ ഗവർണർ നിഖിൽ കുമാർ ഉദ്ഘാടനം ചെയ്യും. മുഖ്യമന്ത്രിയും മറ്റ് ജനപ്രതിനിധികളും സഭാ നേതാക്കളും പങ്കെടുക്കുമെന്ന് ശതാബ്ദി-മീഡിയ കൺവീനർ പാസ്റ്റർ ജെ.ജോസഫും, ഹോസ്റ്റ് കമ്മറ്റി കോർഡിനേറ്റർ ജോസഫ് മറ്റത്തുകാലയും അറിയിച്ചു.



*ഗവർണർ നിഖിൽ കുമാർ*

ചൊവ്വ -ശനി വരെ നടക്കുന്ന കോൺഫ്രൻസിൽ 500 രൂപ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യുന്നവർക്കാണ് പ്രവേശനം. രാത്രിയോഗങ്ങളിൽ അന്തർദേശീയ പ്രസംഗകർ പങ്കെടുക്കും. കൂടാതെ കുക്കു സായിപ്പിന്റെ കുടുംബാംഗങ്ങളായ പതിനൊന്നു പേർ കോൺഫ്രൻസിൽ പങ്കെടുക്കും. റവ.ഡോ.മാർക്ക് വില്യംസ് (ജനറൽ ഓവർസിയർ), റവ.ഡോ.ടിം ഹിൽ (വേൾഡ് മിഷൻ ഡയറക്ടർ), റവ.കെൻ ആൻഡേഴ്സൺ (ഏഷ്യാ പസഫിക് ഡയറക്ടർ), റവ.ഡോ.സ്റ്റീവ് ലാൻഡ് (പ്രസിഡന്റ് പി.റ്റി.എസ്), റവ.ഡെന്നീസ് ഹെപ്നർ (റീജിയണൽ സൂപ്രണ്ട്), തുടങ്ങിയവർ വി

ശേഷം പേജ് 2

# നവാപൂർ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

നവാപൂർ: ഉത്തര ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സംഗമമായ നവാപൂർ കൺവൻഷൻ നവംബർ 13-17 വരെ മഹാരാഷ്ട്രയിലെ നവാപൂരിനു സമീപമുള്ള കരഞ്ചികുർദ് ഫിലദൽഫിയ സ്റ്റേഡിയത്തിൽ നടക്കും. ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയുടെ ജനറൽ ഓവർസിയർ റവ. ജോയി പുന്നൂസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ കെ.സി. ജോൺ, റവ. എസ്.ആർ. മനോഹർ, റ്റിനു ജോർജ് എന്നിവർ മുഖ്യ പ്രഭാഷകരായിരിക്കും. ഡോ. പോൾ മാത്യു (നാഷണൽ ഓവർസിയർ) റവ. കെ. വി. ഏബ്രഹാം (വൈസ് പ്രസിഡന്റ്), റവ. കെ. ഒ. വർഗീസ് (ജനറൽ സെക്രട്ടറി), സിസ്റ്റർ മേരി മാത്യൂസ്,



റവ.ജോയി പുന്നൂസ്



ഡോ.പോൾ മാത്യു

റവ. ഫിന്നി ഫിലിപ്പ്, തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. സിസ്റ്റർ സംഗീതയുടെ നേതൃത്വത്തിലുള്ള ഫിലദൽഫിയ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. കൺവഷനോടുബന്ധിച്ച് ശുശ്രൂഷക സമ്മേളനം ഫിലദിൽഫിയ ബൈബിൾ കോളജ് ഗ്രാഡുവേഷൻ, മെഡിക്കൽ ക്യാമ്പ് എന്നിവ നടക്കും.

മരുഭൂമിയുടെ അപ്പോസ്തോലനായിരുന്ന ഡോ. തോമസ് മാത്യൂ തുടക്കം കുറിച്ച നവാപൂർ കൺവൻഷൻ മൂന്നു പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഭാരതത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. വിവിധ ഗോത്രങ്ങളിൽ നിന്നും ഭാഷകളിൽ നിന്നുമായി പതിനായിരങ്ങൾ പങ്കെടുക്കുന്നു ഈ ആത്മീക സംഗമത്തിന്റെ സംഘാടകർ ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി ആയിരത്തിൽ അധികം സഭകൾ ഫിലദൽഫിയ ഫെലോഷിപ്പിനുണ്ട്.

# കച്ചി നേടുവാൻ കുടുംബത്തെ നഷ്ടമാക്കുന്നവർക്കുള്ള പാഠം..

**ജോ**ർജ്ജ് ഹാച്ച് ഒരു ഡസൻ മക്കളുള്ള ഒരു കുടുംബത്തിന്റെ നായകനായിരുന്നു. കൃത്യമായി പറഞ്ഞാൽ, ഏഴ് ആൺമക്കളും അഞ്ച് പെൺമക്കളുമടങ്ങിയ ഒരു വലിയ കുടുംബനാഥൻ! അമേരിക്കയിലെ നെബ്റാസ്കയിലായിരുന്നു ഈ കുടുംബം ജീവിച്ചിരുന്നത്.

ഒരു ഞായറാഴ്ച രാവിലെ, ജോർജിന്റെ വീട്ടിലേക്ക് ശരവേഗത്തിൽ ഒരു അയല്ക്കാരൻ പാഞ്ഞെത്തി. ജോർജിന്റെ വയലുകൾ കൊയ്തതിലൂടെ ലഭിച്ച കച്ചി ഉണങ്ങാൻ നിരത്തിയിട്ടിരിക്കുന്നത് ആ സ്നേഹിതൻ തലേദിവസം കണ്ടിരുന്നു. ആകാശം കാർമേഘാവൃതമായതും ശക്തമായ കാറ്റ് മഴയ്ക്കു മുന്നോടിയായി വീശിത്തുടങ്ങിയതും കണ്ട് ജോർജ്ജിന്റെ കച്ചി നശിക്കുന്നതിനു മുമ്പേ അത് വാരിക്കൂട്ടുവാൻ താൻകൂടെ സഹായിക്കാമെന്നു കരുതിയാണ് ഒരു നല്ല അയല്ക്കാരനായ ആ സ്നേഹിതൻ ഓടിയെത്തിയത്. പക്ഷേ, ആ സമയം ജോർജ്ജ് തന്റെ മക്കളെയെല്ലാം ആരാധനാലയത്തിലേക്ക് കൊണ്ടുപോകുവാൻ ഒരുക്കുന്ന തിരക്കിലായിരുന്നു.

സ്നേഹിതൻ ആശ്ചര്യത്തോടെ വിളിച്ചു: ജോർജ്ജ്, താങ്കൾ ആകാശത്തേക്ക് നോക്കിയില്ലേ? ഇതാ, മഴ മിനിറ്റുകൾക്കുള്ളിൽ പെയ്യാനാരംഭിക്കും. വേഗം ആ കച്ചിയെല്ലാം വാരിക്കൂട്ടണം. ഞാൻ കൂടെ താങ്കളെ സഹായിക്കാം,വേഗമാകട്ടെ.. സ്നേഹിതൻ ജോർജ്ജിനെ ബദ്ധപ്പെടുത്തിയെങ്കിലും, ജോർജ്ജിന് അത് വലിയ കാര്യമായി തോന്നിയില്ല: സാരമില്ല സ്നേഹിതാ, ഇന്നു ഞായറാഴ്ചയല്ലേ, എനിക്ക് മക്കളോടൊത്ത് ദൈവത്തെ ആരാധിക്കുവാനുള്ള ദിവസമാണിത്. എന്തു നഷ്ടം വന്നാലും ഇന്ന് എനിക്ക് ആരാധന നഷ്ടമാക്കിയിട്ട് എന്റെ കാര്യം നോക്കാനാവില്ല. കുടുംബമായി ദൈവസഭയിൽ ദൈവത്തെ ആരാധിക്കുവാനുള്ള ഈ ദിവസം എനിക്ക് മറ്റെന്തിനേക്കാളും പ്രാധാന്യമുള്ളതാണ്.

ജോർജ്ജിന്റെ തണുപ്പൻ പ്രതികരണം കേട്ട് ആ സ്നേഹിതന് എന്തു മറുപടി പറയണമെന്ന് മനസ്സിലായില്ല: ജോർജ്ജ്, താങ്കൾക്ക് ഞായറാഴ്ച ഇനിയും ലഭിക്കും, പക്ഷേ, ഈ കച്ചി നനച്ചുകളഞ്ഞാൽ ഈ വർഷം മുഴുവനും താങ്കളുടെ കന്നുകാലികൾ പട്ടിണികിടക്കേണ്ടിവരും. അവസാനം, ഞാൻ പറഞ്ഞില്ലെന്നു പിന്നെ പറയരുത്.. ഇത്രയും പറഞ്ഞിട്ട് ആ സ്നേഹിതൻ മഴയ്ക്കു മുമ്പേ തന്റെ വീട്ടിലെത്തുവാനായി ഓടിയകന്നു.

ആരാധന കഴിഞ്ഞുവന്ന ജോർ

### ഉപമയും ഉൾക്കാഴ്ചയും

**കെ. എസ്. ഏബ്രഹാം – കടുത്തുരുത്തി**



ജ്ജിന് അന്നുപകൽ ഇടിവെട്ടി പെയ്ത മഴയിൽ തന്റെ കച്ചിയെല്ലാം നനഞ്ഞുകിടക്കുന്ന കാഴ്ച്ചയാണ് കാണുവാനായത്. മാത്രമല്ല, അപ്പോഴേക്കും അയൽക്കാരൻ: ഇപ്പോൾ എങ്ങനെയിരിക്കുന്നു എന്ന ഭാവത്തോടെ ഓടിയെത്തുകയും ചെയ്തു.

സ്നേഹിതൻ ജോർജ്ജിനോടു ചോദിച്ചു: ഇപ്പോൾ എങ്ങനെയിരിക്കുന്നു? രാവിലെ എന്റെ വാക്കുകേട്ട് കച്ചി വാരിയിരുന്നെങ്കിൽ ഈ നഷ്ടം ഒഴിവാക്കാമായിരുന്നില്ലേ?


ജോർജ്ജിന്റെ മുഖത്ത് കുറ്റബോധം തെല്ലുമില്ലായിരുന്നു. അദ്ദേഹം പറഞ്ഞു: സ്നേഹിതാ, എനിക്കു കച്ചിയല്ലേ നഷ്ടമായുള്ളു എന്റെ കുടുംബം നഷ്ടമായില്ലല്ലോ? എനിക്ക് കച്ചി നശിച്ചാലും എന്റെ കുടുംബം നശിക്കരുതെന്നാണ് ആഗ്രഹം! ദൈവഭക്തനായ ജോർജ്ജിന്റെ വാക്കുകൾ കേട്ട് ക്രിസ്ത്യാനിയാണെന്ന് പേരുകൊണ്ട് അറിയപ്പെട്ടിരുന്ന ആ സ്നേഹിതൻ ലജ്ജിതനായി.

ജോർജ്ജിന്റെ കുടുംബം ഇന്ന് നാലുതലമുറകൾ പിന്നിട്ടിരിക്കുന്നു. ജോർജ്ജ് തന്റെ കുടുംബത്തെ നഷ്ടമാക്കാതെ അവരെ നേടി എന്നത് കുടുംബചരിത്രത്തിന്റെ ഭാഗമാണിപ്പോൾ. അദ്ദേഹത്തിന്റെ മക്കളും കൊച്ചുമക്കളും അവരുടെ മക്കളുമെല്ലാം ദൈവത്താൽ ആത്മികമായും ഭൗതികമായും അനുഗ്രഹിക്കപ്പെട്ടു. മാത്രമല്ല, അവരിൽ പലരും ദൈവരാജ്യത്തിന്റെ വിസ്തൃതിക്കായി ആത്മാക്കളെ കൊയ്തെടുക്കുവാൻ കർത്താവിന്റെ വയലിൽ വേലചെയ്യുന്നു!

ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട്

സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിക്കുവാൻ അന്യോന്യം സൂക്ഷിച്ചുകൊള്ളുക. നാൾ സമീപിക്കുന്നു എന്ന് കാണും തോറും അത് അധികമധികമായി ചെയ്യേണ്ടതാകുന്നു. (എബ്രായർ 10:24–25) മുമ്പേ അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുവിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും. (മത്തായി 6:33)

## ചർച്ച് ഓഫ് ഗോഡ് നോർത്ത് ഈസ്റ്റേൺ റീജിയന് പുതിയ നേതൃത്വം



ചർച്ച് ഓഫ് ഗോഡ് നോർത്ത് ഈസ്റ്റേൺ ഭാരവാഹികളായി റവ.ബഞ്ചമിൻ പി.തോമസ് (പ്രസിഡന്റ്), റവ.രാജൻ പി.സ്കറിയാ (വൈസ് പ്രസിഡന്റ്), റവ.സ്റ്റാൻലി ജോർജ്ജ് (സെക്രട്ടറി), കോശി എം.വർഗീസ് (ട്രഷറാർ), ഇവാ.ജനു കടപ്രാ (മീഡിയാ കോർഡിനേറ്റർ) എന്നിവരെയും ലേഡീസ് ഫെലോഷിപ്പിന്റെ ഭാരവാഹികളായി ഗ്രേസ് ജോർജ്ജ് (പ്രസിഡന്റ്), സൂസമ്മ വർഗീസ് (വൈസ് പ്രസിഡന്റ്), ഷൈനി ചാർളി (സെക്രട്ടറി), ഏലിയാമ്മ തോമസ് (ട്രഷറാർ) എന്നിവരെ തിരഞ്ഞെടുത്തു.

2015-ൽ സിൽവർ ജൂബിലി കൺവൻഷനോടനുബന്ധിച്ച് പുറത്തിറങ്ങുന്ന സുവനീറിന്റെ ചുമതല വഹിക്കുന്നത് സാം മാത്യുവാണ്. റീജിയനുമായി ബന്ധപ്പെട്ട ഫോട്ടോകൾ, ഓർമ്മക്കുറിപ്പുകൾ, ലേഖനങ്ങൾ മുതലായവ നൽകുവാൻ താല്പര്യമുള്ളവർ smathew5@hotmail.com എന്ന ഐഡിയിൽ അയക്കുക.

## ലൈറ്റ് ഹൗസ് മലയാളം ബൈബിൾ സോഫ്റ്റ് വെയർ ഫ്രീ ഡൗൺലോഡ്

പ്രമുഖ മലയാളം ബൈബിൾ സോഫ്റ്റ്‌വെയർ ആയ ലൈറ്റ് ഹൗസ് ബൈബിൾ സോഫ്റ്റ് വെയർ തിരുവചനം ഇപ്പോൾ സൗജന്യമായി മലയാളം ക്രിസ്ത്യൻ റിസോർസ് വെബ്സൈറ്റ് ആയ www.GodsOwnLanguage.com-ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## റവ.കുക്ക് ആഗമന ശതാബ്ദി കോൺഫ്രൻസ് ഗവർണർ നിഖിൽ കുമാർ ഉദ്ഘാടനം ചെയ്യും

*1-ാം പേജ് തുടർച്ച*

വിധ യോഗങ്ങളിൽ പ്രസംഗിക്കും.

ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ റെപ്രസന്റേറ്റീവായ റവ.കെ.സി.ജോണും, പ്രൊഫ.സുശിൽ മാത്യുവും ആഘോഷപരിപാടികൾക്ക് നേതൃത്വം നൽകുന്നു. പാസ്റ്റർമാരായ പി.ജെ.ജയിംസ് (ഹോസ്റ്റ് കമ്മറ്റി ചെയർമാൻ), ജോസഫ് റ്റി.സാം (ഹോസ്റ്റ് കമ്മറ്റി കോ-ചെയർമാൻ), ജോസഫ് മറ്റത്തുകാല (ഹോസ്റ്റ് കമ്മറ്റി കോർഡിനേറ്റർ), പാസ്റ്റർ പി.ജി.മാത്യൂസ് (അഡ്മിനിസ്ട്രേറ്റിവ് കമ്മറ്റി ചെയർമാൻ), എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റി പ്രവർത്തിക്കുന്നു.

ആഗസ്റ്റ് 21 മുതൽ ഒക്ടോബർ 10 വരെ 60 ദിവസ പ്രത്യേക പ്രാർത്ഥന നടന്നു വരികയാണ്. സെപ്തംബർ 1 മുതൽ 40 ദിവസ ചെയിൻ ഉപവാസ പ്രാർത്ഥനയും ക്രമീകരിച്ചിട്ടുണ്ട്. ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി മൗണ്ട് കാർമ്മേൽ ചിൽഡ്രൻസ് ഹോമിലെ ഒരു പെൺകുട്ടിയുടെ വിവാഹവും, ശതാബ്ദി ഓഡിറ്റോറിയം, എം.സി.റോഡിൽ നിന്നും ഓഡിറ്റോറിയത്തിലേക്കുള്ള റോഡ്, കുക്ക് സായിപ്പ് സ്നാനം നടത്തിയിരുന്ന പുനർനിർമ്മിച്ച സ്നാനക്കുളം എന്നിവയുടെ ഉദ്ഘാടനവും നടക്കും.

## കുമ്പനാട്ട് നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നു

*1-ാം പേജ് തുടർച്ച*

ഇതിനിടെ കുമ്പനാട്ട് ഈ പ്രൊജക്ട് നടപ്പിൽ വരുന്നത് തടയിടുവാൻ ഒരു വിഭാഗം ശക്തമായ നീക്കങ്ങൾ നടത്തുന്നുണ്ട്. പാസ്റ്റർ ജേക്കബ് ജോണിന്റെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നാൽ ഇനിയും അധികാരത്തിലെത്തുന്നതിന് പലർക്കും ബുദ്ധിമുട്ടാകും എന്ന തിരിച്ചറിവാണ് എന്തു വില കൊടുത്തും നിർമ്മാണം തടയുക എന്ന ചിന്തയിലേക്ക് ചില കേന്ദ്രങ്ങളെ എത്തിച്ചിരിക്കുന്നത്.


## ഐ.പി.സി പ്രയർ ടവർ ചങ്ങനാശ്ശേരി

(പോലീസ് ക്വാർട്ടേഴ്സിന് പിൻവശം)

പ്രെയ്സ് & വർഷിപ്പ്, ആഴത്തിലുള്ള വചനധ്യാനം, പ്രാർത്ഥന, വിടുതൽ

ഉപവാസ പ്രാർത്ഥന: എല്ലാ വെള്ളിയാഴ്ചയും 10.30 മുതൽ 1മണി വരെ

എല്ലാ ഞായറാഴ്ചയും ആരാധന: 9.30-12.30 വരെ



**പാസ്റ്റർ റോയി പൂവക്കാല**

ഐ.പി.സി പ്രയർ ടവർ, ചങ്ങനാശ്ശേരി

Ph: 9447401039 0469-2692939



## PRAYER CELL

**പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാവിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.**

Prayercell, Ponkunnam P.O., Kerala, Pin 686 506
Ph : 04828-223287
E-mail : prayercell@rediffmail.com


## ഹാലേലൂയ്യ ദ്വൈവാരിക വരിസംഖ്യാ നിരക്കുകൾ

| | | |
|---|---|---|
| ഇന്ത്യയിൽ | 1 വർഷത്തേക്ക് | 150 രൂപ |
| ഇന്ത്യയിൽ | ആയുഷ്കാലം | 3000 രൂപ |
| വിദേശത്തേക്ക് | | |
| യു.എസ്.എ. | 1 വർഷം | 50 ഡോളർ |
| ഗൾഫ് | 1 വർഷം | 2000 രൂപ |
| യു.കെ. | 1 വർഷം | 40 പൗണ്ട് |

The Editor, HALLELUJAH, Post Box No. 1
Tiruvalla - 689 101. Ph: 0469-3290355, 0469-2630571
Email: hallelujahnews@gmail.com

## ഹാലേലുയ്യാ പരസ്യനിരക്കുകൾ

| Size | Multicolor | Black & White |
|---|---|---|
| 2 Page | 30,000/- | 20,000/- |
| 1 Page | 20,000/- | 12,000/- |
| ½ Page | 10,000/- | 6,000/- |
| ¼ Page | 5,000/- | 3,000/- |
| 10cm x 3 column | 3,000/- | 2,000/- |
| 10cm x 2 column | 2,000/- | 1,200/- |
| 5cm x 2column | 1,000/- | 750/- |
| Minimum 5cm x1column | -- | 500/- |

Matrimonial Rs. 500. For 3 Issues: Rs.1000


## 24 മണിക്കൂർ പ്രാർത്ഥനാ സംഗമം

**രാജ്യത്തിനായി പ്രാർത്ഥിക്കുവാൻ ദൈവജനം ഒരുമിച്ചു കൂടുന്നു**

പ്രാർത്ഥനയുടെ ദിനങ്ങൾ 50
2013 നവംബർ 15 മുതൽ 2014 ജനുവരി 4 വരെ

ഐ. സി. പി. എഫ്. കൗൺസിലിംഗ് സെന്റർ, മുട്ടുമൺ, കുമ്പനാട്
2013 നവംബർ 15 വൈകുന്നേരം 4 മുതൽ 16 വൈകുന്നേരം 4 വരെ




നാഷണൽ പ്രയർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ഈ വർഷവും ഇൻഡ്യയുടെ ഉണർവ്വിനും, ജനങ്ങൾ സത്യാരാധനയിലേയ്ക്കു മടങ്ങിവരുവാനും പ്രാർത്ഥനയ്ക്കുമായി 2013 നവംബർ 15 മുതൽ 2014 ജനുവരി 4 വരെയുള്ള 50 ദിനങ്ങൾ വേർതിരിക്കുന്നു.

പ്രഥമ പ്രാർത്ഥനാ സമ്മേളനത്തോടുള്ള ബന്ധത്തിൽ 24 മണിക്കൂർ ചെയിൻ പ്രയറും, പഠനക്ലാസ്സുകളും ക്രമീകരിച്ചിരിക്കുന്നു. പാസ്റ്റർ പി.ജി. മാത്യൂസ്, ഡോ. കെ. വി. പോൾ,Pr. ബാബു ചെറിയാൻ (പിറവം), മേജർ ലൂക്ക്, ഇവാ. സാം സി. സാമുവേൽ തുടങ്ങിയവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകുന്നു. ദൂരെ നിന്നും വരുന്നവർക്ക് താമസവും ആഹാരവും ക്രമീകരിക്കുന്നതുമാണ്. താമസിക്കുന്നവർക്ക് രജിസ്ട്രേഷൻ ഫീസ് 50 രൂപാ ഉണ്ടായിരിക്കുന്നതാണ്. ഈ ചെയിൻ പ്രയറിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ താഴെ കാണുന്ന അഡ്രസ്സിൽ ബന്ധപ്പെടുക.

Pr. Shaji Kurian, Regional co-ordinator, NPM, Mob: 09446125936, shajikuriannpm@gmail.com
Pr. Shaji Joseph, Secretary, Mob: 09447563186, shajipta66@gmail.com

**യാത്രക്കിടയിൽ**

സാംകുട്ടി ചാക്കോ
നിലമ്പൂർ



# മലയാളി പെന്തെക്കോസ്തിന്റെ 10 മണ്ടത്തരങ്ങൾ

## തിയോളജിയില്ലാത്ത പെന്തെക്കോസ്തും കുറേ ഡോക്ടർമാരും

മലയാളി പെന്തെക്കോസ്തിന്റെ മണ്ടത്തരങ്ങളാണല്ലോ എഴുതിക്കൊണ്ടിരിക്കുന്നത്. ഈ ലക്കത്തിൽ ഞാൻ മുന്നോട്ടു വയ്ക്കുന്ന വിഷയം മണ്ടത്തരമാണോ നമ്മുടെ കഴിവുകേടാണോ എന്ന് വായനക്കാർ തീരുമാനിക്കുക.

മലയാളി പെന്തെക്കോസ്ത് സമൂഹം രൂപപ്പെട്ടിട്ട് ഒരു നൂറ്റാണ്ട് പിന്നിട്ടുകഴിഞ്ഞു. പക്ഷേ ഇന്നുവരെ നമുക്കൊരു കൃത്യമായ ദൈവശാസ്ത്രം രൂപപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ഓരോ ക്രൈസ്തവ സഭയുടെയും അടിത്തറ കൃത്യമായ ദൈവശാസ്ത്രം പിന്തുടരുന്നു എന്നതിനാലാണ്. അനുഭവങ്ങളുടെയും വ്യക്തിപരമായ ദർശനങ്ങളുടെയും കാഴ്ചപ്പാടുകളുടെയുമൊക്കെ അകമ്പടിയോടെയാണ് പെന്തെക്കോസ്ത് രൂപപ്പെട്ടത്. അതിൽ തെറ്റൊന്നുമില്ല. പെന്തെക്കോസ്തിന് വികാരപരമായ ഒരു തലം ഉണ്ടെന്നതിന് സംശയവുമില്ല. അതാണ് ഈ മുന്നേറ്റത്തിന്റെ ചലനാത്മകതയെ നിലനിർത്തുന്നതും, മറ്റു ക്രൈസ്തവ സഭകളിൽ നിന്ന് നമ്മെ വേർതിരിച്ചു നിർത്തുന്നതും. എന്നാൽ ഉപരിപ്ലവമായ ഇളക്കങ്ങൾ കൊണ്ടോ വികാരത്തള്ളിച്ച കൊണ്ടോ ഒരു സമൂഹത്തിന് ദീർഘകാലം നിലനില്ക്കാനാവില്ല.

നമുക്ക് ധാരാളം ബൈബിൾ കോളജുകളും കുറച്ച് സെമിനാരികളുമുണ്ട്. പ്രഗത്ഭരായ നിരവധി അദ്ധ്യാപകരുണ്ട്. നന്നായി പഠിച്ച് കഠിനാദ്ധ്വാനം ചെയ്ത് ദൈവശാസ്ത്രത്തിൽ പി.എച്ച്.ഡി സമ്പാദിച്ചവരുണ്ട്. അങ്ങനെയുള്ളവരെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. തിയോളജി പഠിച്ചവരെയും ഡോക്ടറേറ്റ് എടുത്തവരെയുമൊന്നും ഉൾക്കൊള്ളാനോ അവരെ സഭയുടെ മുഖ്യധാരയിൽ നിലനിർത്താനോ പെന്തെക്കോസ്തിലെ സഭാ നേതൃത്വത്തിന് ഇന്നുവരെ സാധിച്ചിട്ടില്ല. വിവരമുള്ളവൻ അകത്തു വന്നാൽ തങ്ങളുടെ വിവരക്കേടുകൾ വിലയില്ലാത്തതായെങ്കിലോ എന്ന സ്വാഭാവിക ഭീതിയാണ് ഈ അകറ്റിനിർത്തലിന് കാരണമെന്നാണ് എനിക്ക് തോന്നുന്നത്.

എന്നാൽ ഡോക്ടറേറ്റെടുത്തവരോ, എം.ടി.എച്ച് നിലവാരത്തിൽ പഠനം നടത്തിയവരോ ആയ തിയോളജിയന്മാരോട് വളരെ വിനയത്തോടെ ഒരു കാര്യം തുറന്നു പറയട്ടെ: നിങ്ങൾക്ക് വലിയൊരു ഉത്തരവാദിത്വമുണ്ട്. ഈ സമൂഹത്തോട് പ്രതിബദ്ധതയുണ്ട്. ഈ സമൂഹത്തിന് കാലാകാലങ്ങളിൽ ദിശാബോധം നൽകേണ്ടതും ദൈവശാസ്ത്രപരമായ തിരിച്ചറിവുകളിലേക്കും ബോധ്യങ്ങളിലേക്കും ഇതിനെ നയിക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്തമാണ്. സഭാ ശുശ്രൂഷകന്മാർ, ഭരണനേതൃത്വം, പ്രസംഗകർ എന്നിവർ സഭയുടെ ഉപരിതലത്തിൽ ഇതിനെ ചലനാത്മകമായി മുന്നോട്ടു നയിക്കുമ്പോൾ ഇതിന്റെ അകക്കാമ്പ് സംരക്ഷിക്കേണ്ടവർ നിങ്ങളാണ്. തിയോളജി പഠനത്തിന് പത്തും പന്ത്രണ്ടും വർഷം നിങ്ങൾ കഷ്ടപ്പെട്ടിട്ട് എന്തു നേടി? നിങ്ങൾ ഈ സമൂഹത്തിന് നൽകുന്ന സംഭാവന എന്താണ്? പോട്ടെ നിങ്ങൾക്ക് നിങ്ങളോട് തന്നെ നീതി പുലർത്തുവാൻ സാധിക്കുന്നുണ്ടോ? ദൈവസന്നിധിയിൽ നീതി പുലർത്തുവാൻ സാധിക്കുന്നുണ്ടോ?

അപ്പൊളജറ്റിക്സിന് വേണ്ടി-ഉപദേശസംരക്ഷണത്തിനായി പോരാടേണ്ടത് നിങ്ങളല്ലേ?

കത്തോലിക്ക സഭക്ക് ലോകമെങ്ങുമായി ലക്ഷക്കണക്കിന് പുരോഹിതന്മാരും കന്യാസ്ത്രീകളുമുണ്ട്. ലോകത്തിലെ ഏതു കോണിൽ നിന്നുമുള്ള കത്തോലിക്ക പുരോഹിതനെ വിളിച്ച് നിങ്ങൾ ശുശ്രൂഷിക്കുന്ന സഭയുടെ വിശ്വാസപ്രമാണം എന്തെന്ന് ചോദിച്ചാൽ ഏതുറക്കത്തിലും അവർ കൃത്യമായി മറുപടി പറയും. ഏതു ദൈവശാസ്ത്ര വിഷയത്തിലും സഭയുടെ നിലപാട് ഇന്നതാണെന്ന് കൃത്യമായി പറയുവാൻ അവർക്ക് സാധിക്കും. അവരെല്ലാവരും പറയുന്ന ഉത്തരം ഒന്നുതന്നെയായിരിക്കും. ഏത് വ്യവസ്ഥാപിത സഭയുടെയും അവസ്ഥ ഇതു തന്നെയാണ്.

എന്നാൽ പെന്തെക്കോസ്തിലേക്ക് വരിക. ഐപി.സിയിലെയോ, എ.ജിയിലെയോ, ചർച്ച് ഓഫ് ഗോഡിലേയോ ഒരു സെന്ററിലെ 10 പാസ്റ്റർമാരെ സെലക്ട് ചെയ്ത് ഏതെങ്കിലുമൊരു ദൈവശാസ്ത്ര വിഷയമോ ഉപദേശവിഷയമോ നിങ്ങൾ എന്തു വിശ്വസിക്കുന്നു എന്ന് ചോദിച്ചാൽ മിക്കവർക്കും മറുപടി പറയുവാൻ അറിയില്ല. പറഞ്ഞാൽ പത്തു പേർക്കും പത്ത് ഉത്തരമായിരിക്കും. ഇത് പാസ്റ്റർമാരുടെ കുഴപ്പമല്ല. നമുക്ക് അടിസ്ഥാനപരമായി ഒരു ദൈവശാസ്ത്രം ഇതുവരെ രൂപപ്പെടുത്തുവാൻ സാധിച്ചിട്ടില്ലെന്നതാണ് ഇതിന്റെ കാരണം. അതിനാൽ തന്നെ ദുരുപദേശം എന്താണ്? അതിനെ എവിടെ എങ്ങനെ തടയണം എന്നൊന്നും ആർക്കും അറിയില്ല. സാധാരണ പാസ്റ്റർമാർ അത്തരം മേഖലകളിലേക്ക് പ്രവേശിക്കാറില്ല. നേതാക്കൾക്ക് ഒരു തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ അടുത്ത തിരഞ്ഞെടുപ്പിനുള്ള തന്ത്രങ്ങൾ മെനയണം. ഇടയ്ക്ക് നടത്താവുന്നത്ര കല്യാണവും ശവമടക്കും നടത്തണം. കൺവൻഷൻ പ്രസംഗകരാണെങ്കിൽ ആകെയുള്ള അഞ്ചോ ആറോ പ്രസംഗം തിരിച്ചും മറിച്ചും പ്രസംഗിച്ച് മാക്സിമം വേദിയും മാക്സിമം പണവും കണ്ടെത്തുവാനുള്ള ഓട്ടത്തിലാണ്.

ഞാൻ പലതവണ ഇതേ പംക്തിയിൽ എഴുതിയ ഒരനുഭവം വീണ്ടും ചുരുക്കിപ്പറയട്ടേ. ചില വർഷങ്ങൾക്കു മുമ്പ് ഐപി.സികൗൺസിൽ അംഗവും, കുമ്പനാട് സെന്റർ സെക്രട്ടറിയുമായിരുന്ന ജെയിംസ് രഹബോത്ത്, പ്രശസ്ത പാട്ടുകാരൻ ചർച്ച് ഓഫ് ഗോഡ് വിശ്വാസിയായിരുന്ന ജെയ്ൻ ചാക്കോ തുടങ്ങി കുമ്പനാട്ടും പരിസരങ്ങളിലുമുള്ള നിരവധി പാരമ്പര്യമുള്ള പെന്തെക്കോസ്തു കുടുംബങ്ങൾ ബാബു ഡോക്ടർ എന്നയാളുടെ കൾട്ട് ഗ്രൂപ്പിൽ ചേർന്ന് സഭാബന്ധങ്ങളും സാമൂഹ്യ ബന്ധങ്ങളും വിച്ഛേദിച്ചു. അന്നൊരു പെന്തെക്കോസ്ത് നേതാക്കളും, സഭാ നേതാക്കളും, പ്രസംഗകരും, തിയോളജിയന്മാരും ഈ കൾട്ടിനെതിരെ ചെറുവിരലനക്കിയില്ല. തങ്ങളുടെ ആടുകൾ ബാബു ഡോക്ടറുടെ വലയിൽ വീഴുന്നത് നിസംഗതയോടെ നോക്കി നിന്നു. അന്ന് എന്റെ സ്നേഹിതൻ ജയിംസ് രഹബോത്ത് പോയ വഴിയെ അന്വേഷിച്ച് ചെന്ന് ആ കൾട്ടിന്റെ കഥ പുറത്തു കൊണ്ടു വന്നതും അനേക കുടുംബങ്ങൾ ആ കൾട്ട് സംഘത്തിൽ അകപ്പെടാതെ സംരക്ഷിച്ചതും ഹാലേലൂയ്യാ പത്രവും തിയോളജി പഠിക്കാത്ത ഈ എഴുത്തുകാരനുമായിരുന്നു. ഇന്നു വരെ സാംകുട്ടി നല്ല കാര്യമാ ചെയ്തത് എന്ന് ഒരു സഭാ നേതാവും, തിയോളജിയന്മാരും ഒരു നല്ല വാക്കു പോലും പറഞ്ഞിട്ടുമില്ല.

എം.വി.ചാക്കോസാറിനെ ഞാൻ നന്ദിയോടെ ഓർക്കുന്നു. അദ്ദേഹം 1960-കളിലെ ചിന്താധാരയിൽ ജീവിച്ച-ആ കാലഘട്ടത്തിലെ തിയോളജിക്കൽ ധാരണകൾ കൈമുതലാക്കിയ സഭാ നേതാവും അധ്യാപകനുമായിരുന്നു. അദ്ദേഹം കുറഞ്ഞപക്ഷം 'ദൈവശാസ്ത്രം' എന്ന പേരിൽ ഒരു ബുക്കെങ്കിലും പ്രസിദ്ധീകരിച്ചു.

തിരുവല്ലയിലെ ബിസിനസുകാരനും രാഷ്ട്രീയക്കാരനുമായ എൻ.എം.രാജുവിനെ ഞാൻ അഭിനന്ദിക്കുന്നു. പെന്തെക്കോസ്ത് ദൈവശാസ്ത്രം എന്ന പേരിൽ അദ്ദേഹം പല തിയോളജിയന്മാരെയും സംഘടിപ്പിച്ചു ഒരു ഗ്രന്ഥം പുറത്തിറക്കി. സത്യത്തിൽ അതിലെ ലേഖനങ്ങൾ ആശയസംവേദനത്തിന്റെ കൃത്യതയില്ലായ്മ കൊണ്ടും ഏഴുത്തുകാരുടെ നിലപാടുരാഹിത്യം കൊണ്ടും പ്രയോജനപ്പെടാതെ പോയി എന്നാണ് എനിക്ക് തോന്നുന്നത്. ബിസിനസ്സായിട്ടാണെങ്കിലും എൻ.എം.രാജു "പെന്തെക്കോസ്ത് ദൈവശാസ്ത്രം" എന്ന ടൈറ്റിൽ എങ്കിലും ഉപയോഗപ്പെടുത്തിയല്ലോ.

ആദ്യകാലഘട്ടത്തിൽ മലയാളി പെന്തെക്കോസ്തിൽ ദൈവശാസ്ത്രജ്ഞന്മാർ പോയിട്ട് പ്രോപ്പറായ ദൈവശാസ്ത്ര പഠനം നടത്തിയവർ പോലും അപൂർവമായിരുന്നു. എന്റെ അറിവ് ശരിയാണങ്കിൽ പെന്തെക്കോസ്തിലെ ആദ്യതിയോളജിക്കൽ ബിരുദധാരി പാസ്റ്റർ കെ.ജെ.സാമുവേലാണ്. അദ്ദേഹം തിയോളജിയൻ എന്നതിനേക്കാൾ ഭരണതന്ത്രജ്ഞനായിരുന്നു എന്നാണ് കേട്ടിട്ടുള്ളത്. എൺപതുകൾക്ക് ശേഷമാണ് ദൈവശാസ്ത്ര പഠനരംഗത്ത് നമ്മുടെ സമൂഹം വൻകുതിച്ചു ചാട്ടം നടത്തിയത്. ഇന്നിപ്പോൾ നൂറുകണക്കിന് എം.ടി.എച്ച് ബിരുദധാരികൾ മലയാളി പെന്തെക്കോസ്തിനുണ്ട്. ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയവരും ധാരാളമുണ്ട്.

ഈ ദൈവശാസ്ത്രജ്ഞരെക്കൊണ്ട് മലയാളി പെന്തെക്കോസ്ത് സമൂഹത്തിന് എന്തു നേട്ടമുണ്ടായി? ഇവരിലാരെങ്കിലും ആത്മാക്കളെ നേടുന്ന സുവിശേഷകരായി മാറിയോ? ഇവരിലാരെങ്കിലും ഏതെങ്കിലും പെന്തെക്കോസ്ത് സഭക്ക് ദിശാബോധം നൽകത്തക്ക വിധം നേതൃത്വപദവികളിൽ എത്തിപ്പെട്ടോ? ഇവരിലെത്ര പേർ ജനത്തെ സ്വാധീനിക്കും വിധം നാലു പുസ്തകമെഴുതി? ഇവരിലാരെങ്കിലും ഒരു സഭ സ്ഥാപിച്ചോ? എന്തു സംഭാവനയാണ് ഈ ഡോക്ടർമാരും എം.ടി.എച്ചുകാരും സമൂഹത്തിന് നൽകിയത്. ശരിയാണ്; ഇവരിലേറെപ്പേരും ബൈബിൾകോളജ് അദ്ധ്യാപകരെന്ന കൊക്കൂണിനകത്ത് സമാധിയിരിക്കുകയാണ്. അനുഭവങ്ങളില്ലാത്ത അദ്ധ്യാപകരായ നിങ്ങൾ ക്ലാസ്മുറികളിലെ വലിച്ചു നീട്ടിയ അധരവ്യായാമങ്ങൾ കൊണ്ട് നിങ്ങളേപ്പോലെയുള്ള പത്തു പേരേക്കൂടി ക്രിയേറ്റിവിറ്റി നഷ്ടപ്പെട്ടവരാക്കി മാറ്റുന്നതല്ലാതെ എന്തു നേടുന്നു?

അതിമിടുക്കന്മാരായ ചില ഡോക്ടർമാർ ബൈബിൾ കോളജ് അദ്ധ്യാപനമെന്ന സാമ്പത്തിക നേട്ടമില്ലാത്ത ജോലി ഉപേക്ഷിച്ച് സഭാശുശ്രൂഷ എന്ന കൂടുതൽ മെച്ചമായ ബോവസിന്റെ വയൽ തിരഞ്ഞെടുത്തിട്ടുണ്ട്. സത്യത്തിൽ അനേകം വർഷങ്ങൾ കഠിനാദ്ധ്വാനം ചെയ്ത് പഠിച്ചിട്ടാണ് ഡോക്ടറേറ്റ് ലഭിക്കുന്നത്. (ഒരു സുപ്രഭാതത്തിൽ 50 ഡോളർ കൊടുത്ത് കരസ്ഥമാക്കുന്ന 'ഡോ' യെക്കുറിച്ചല്ല പറയുന്നത്) ബൈബിൾ കോളജിൽ പഠിപ്പിച്ച് ആയുസ്സ് പാഴാക്കിയാൽ മുടക്കിയ പണം പോലും ഇവർക്കാർക്കും ലഭിക്കുകയില്ല. അപ്പോൾ കൂടുതൽ മെച്ചമായ മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. അങ്ങനെ അമേരിക്കയിലും കാനഡയിലും കാശുള്ള സഭകളുടെ പാസ്റ്റർഷിപ്പ് ലഭിച്ച അതിഭാഗ്യവാന്മാരായ ഡോക്ടർമാരുണ്ട്. അവരിൽ പലരും എനിക്ക് പ്രിയപ്പെട്ടവരാണ്. എങ്കിലും തുറന്നു പറയട്ടെ നിങ്ങൾ നേടിയ അറിവിന്റെ ലോകം ചെറിയൊരു ലോക്കൽ സഭയുടെ നാലതിരുകൾക്കകത്ത് അടച്ചിട്ട് മുള്ളിനിടയിൽ വീണ നല്ല വിത്തിനേപ്പോലെ വളർച്ച മുരടിച്ച് ഞെരിഞ്ഞമരുന്നതായിരുന്നോ നിങ്ങൾ പഠിക്കാനിറങ്ങിയപ്പോൾ സ്വപ്നം കണ്ടത്? മാസാമാസം കുതിച്ചുയരുന്ന അക്കൗണ്ട് സ്റ്റേറ്റ്മെന്റ് കാണുമ്പോഴുണ്ടാകുന്ന മനഃസുഖം കൊണ്ട് ഈ മുള്ളുകൾക്കിടയിലെ ജീവിതം കംഫർട്ട്സോണായി കരുതുന്നുണ്ടാകാം. അതുകൊണ്ടാണല്ലോ അമേരിക്കയിൽ സഭാ ശുശ്രൂഷക്കെത്തിയ ഒറ്റ ഡോക്ടറും തിരികെ ഇന്ത്യയുടെ മണ്ണിൽ കാൽ കുത്താത്തത്.

അധികമെഴുതി ആരെയും വിഷമിപ്പിക്കുന്നില്ല. ഒന്നു മാത്രം പറഞ്ഞ് അവസാനിപ്പിക്കട്ടെ. നൂറു വർഷം കഴിഞ്ഞ മലയാളി പെന്തെക്കോസ്തിന് ഇതുവരെ സോളിഡായ ഒരു തിയോളജി ഇല്ലെന്നത് പെന്തെക്കോസ്തിന്റെ അബദ്ധങ്ങളിൽ ഒന്നാണെന്ന് എനിക്ക് തോന്നുന്നു. ഇനിയെങ്കിലും അതിനൊരു ശ്രമം നടത്തുന്നില്ലെങ്കിൽ അങ്ങു ചെല്ലുമ്പോൾ തമ്പുരാൻ ഇലക്ഷനിൽ ജയിച്ച് സഭാ നേതാവായി സഭയെ നശിപ്പിച്ച നേതാക്കന്മാരോട് ചോദിക്കുന്നതിനേക്കാൾ വലിയൊരു ചോദ്യം എന്റെ പ്രിയപ്പെട്ട ഡോക്ടർമാരോട് ചോദിക്കയില്ലേ?

ഇത്രയും കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിച്ചതാണ്. ഇതിന്റെ കയ്യെഴുത്തു പ്രതി വായിച്ച എന്റെയൊരു സരസനായ സുഹൃത്ത് ഒടുവിലൊരു കമന്റു പറഞ്ഞു അതു കൂടെ എഴുതി അവസാനിപ്പിക്കട്ടെ.

"അങ്ങു ചെന്നിട്ടു വേണ്ടേ ചോദിക്കാൻ"

> ഈ ദൈവശാസ്ത്രജ്ഞരെക്കൊണ്ട് മലയാളി പെന്തെക്കോസ്ത് സമൂഹത്തിന് എന്തു നേട്ടമുണ്ടായി? ഇവരിലാരെങ്കിലും ആത്മാക്കളെ നേടുന്ന സുവിശേഷകരായി മാറിയോ? ഇവരിലാരെങ്കിലും ഏതെങ്കിലും പെന്തെക്കോസ്ത് സഭക്ക് ദിശാബോധം നൽകത്തക്കവിധം നേതൃത്വപദവികളിൽ എത്തിപ്പെട്ടോ? ഇവരിലെത്ര പേർ ജനത്തെ സ്വാധീനിക്കും വിധം നാലു പുസ്തകമെഴുതി? ഇവരിലാരെങ്കിലും ഒരു സഭ സ്ഥാപിച്ചോ? എന്തു സംഭാവനയാണ് ഈ ഡോക്ടർമാരും എം.ടി.എച്ചുകാരും സമൂഹത്തിന് നൽകിയത്.

# സൗത്ത് ഈസ്റ്റ് റീജിയൻ കൺവൻഷൻ സമാപിച്ചു



അറ്റ്ലാന്റാ: ഓഗസ്റ്റ് 30,31, സെപ്റ്റംബർ 1 തിയതികളിലായി അറ്റ്ലാന്റായിൽ നടന്ന ഐ.പി.സി. നോർത്തമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയന്റെ വാർഷിക കൺവൻഷൻ സംയുക്ത ആരാധനയോടു കൂടി സമാപിച്ചു. റവ. വത്സൻ ഏബ്രഹാം മുഖ്യസന്ദേശം നൽകി. ജോയിന്റ് സെക്രട്ടറി രാജൻ ആര്യപ്പള്ളിൽ സ്വാഗതവും, പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോൺ ഉദ്ഘാടനവും നടത്തി. അറ്റ്ലാന്റാ ഐ.പി.സിയുടെ പ്രെയ്സ് ആന്റ് വർഷിപ്പ് ടീം മലയാളത്തിലും ഇംഗ്ലീഷിലും ഉള്ള സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാസ്റ്റർ പി.എ. കുര്യൻ പ്രസംഗം പരിഭാഷപ്പെടുത്തി.

സോദരി സമാജം മീറ്റിംഗിൽ പ്രസിഡന്റ് സിസ്റ്റർ ലിസി ജേക്കബ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി സിസ്റ്റർ മിനി കുരുവിള സ്വാഗതമാശംസിച്ചു. സിസ്റ്റർ ഉഷാ പ്രസാദ് പ്രസംഗിച്ചു. സിസ്റ്റർ മേരിക്കുട്ടി ജോർജ്ജ് സംഗീതമാലപിച്ചു. അറ്റ്ലാന്റായിൽ നിന്നും ഫ്ളോറിഡായിൽ നിന്നുമുള്ള സഹോദരിമാർ സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സിസ്റ്റർ അന്നമ്മ ജോർജ്ജ് നന്ദി അറിയിച്ചു. റീജിയൻ കൗൺസിലും പ്രിസ്ബിറ്ററിയും കൺവൻഷനോടനുബന്ധിച്ച് നടന്നു. സ്പെഷ്യൽ മ്യൂസിക്ക് സെഷനിൽ പ്രശസ്ത ക്രൈസ്തവ ഗായകൻ ബിജു കുമ്പനാടും, ഗായകനും കീബോഡിസ്റ്റും കമ്പോസറുമായ റജി ഇമ്മാനുവേലും ചേർന്ന് സംഗീത വിരുന്നൊരുക്കി. പൊതുയോഗത്തിൽ റീജിയൻ വൈസ് പ്രസിഡന്റ് പാസ്റ്റർ എ.സി.ഉമ്മൻ അദ്ധ്യക്ഷത വഹിച്ചു. റീജിയൻ ക്വയറുകൾ മലയാളം ഇംഗ്ലീഷ് പ്രെയ്സ് ആന്റ് വർഷിപ്പിന് നേതൃത്വം നൽകി. അറ്റ്ലാന്റാ ഐ.പി.സി. ശുശ്രൂഷകൻ പാസ്റ്റർ വി.പി. ജോസ് ചെറുസന്ദേശം നൽകി. റവ.വത്സൻ ഏബ്രഹാമിന്റെ പ്രസംഗം പാസ്റ്റർ ജെയിംസ് ജോർജ്ജ് പരിഭാഷപ്പെടുത്തി. സമാപന സമ്മേളനത്തിലും ആരാധനയിലും പാസ്റ്റർ ജേക്കബ് ജോൺ (കൊളംബിയ, സൗത്ത് കരോളിനാ) അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സിബി കുരുവിള പ്രബോധനവും, പാസ്റ്റർ ജെയിംസ് ജോർജ്ജ് തിരുവത്താഴ സന്ദേശവും നൽകി. പാസ്റ്റർ വർഗീസ് മത്തായി സമാപന സന്ദേശം നൽകി. പാസ്റ്റർ കെ.സി.ജോൺ തിരുവത്താഴ ശുശ്രൂഷക്ക് നേതൃത്വം നൽകി. പാസ്റ്റർ വി.പി.ജോസ്, പാസ്റ്റർ ജി.സാമുവേൽ എന്നിവർ സഹായിച്ചു. സെക്രട്ടറി പാസ്റ്റർ മോറീസ് സംസൺ നന്ദി പ്രകാശനം നടത്തി. റീജിയന്റെ പ്രഥമ പ്രസിഡന്റായിരുന്ന പാസ്റ്റർ ജോയി ഏബ്രഹാം പ്രാർത്ഥിച്ച് യോഗം അവസാനിപ്പിച്ചു.

(രണ്ടാം ഭാഗം)

# ഭക്തനായ മോശെയും ദാർശനികരായ കുറേ സ്ത്രീകളും



ഡോ.ജെസ്സി ജയ്സൺ

ശുശ്രൂഷയുടെ തലങ്ങൾ സ്റ്റേജുകളും, വെള്ളി വെളിച്ചങ്ങളുമൊക്കെയാണെന്ന് ധരിപ്പിക്കുന്ന ഘടകങ്ങൾ ഇന്നേറെയാണ്. ശത്രുവിനെയും മരണത്തെയും മുഖാമുഖം കാണുമ്പോഴും, എത്ര കാലമെന്നോ എങ്ങനെ അവസാനിക്കുമെന്നോ അറിയാതെ നിസ്സഹായരാകുമ്പോഴും തങ്ങളെ ദൈവം ഏല്പിച്ച കൊച്ചു കൊച്ചു ദൗത്യങ്ങളിൽ വിശ്വസ്തരായി വർത്തിച്ച ചില വനിതാ രത്നങ്ങളെ നാം മോശെയുടെ ചരിത്രത്തിൽ നിന്ന് കഴിഞ്ഞ ലക്കത്തിൽ കണ്ടെടുത്തിരുന്നു. അതിന്റെ തുടർച്ചയാണിത്. സ്വന്ത കണ്ണുകളിൽ ചെറിയ കാര്യങ്ങളാണവർ ചെയ്തതെങ്കിലും ദൈവം ലോകചരിത്രത്തിന്റെ ഗതി മാറ്റിയെഴുതുവാൻ അവരെ ഉപയോഗിച്ച അത്ഭുതമാണ് നാം കാണുന്നത്. ഫലകരമായ ശുശ്രൂഷകയുടെ മാനദണ്ഡം നമ്മുടെ പ്രസിദ്ധി അല്ല; പിന്നെയോ, രഹസ്യ ജീവിതത്തിൽ ദൈവത്തോടുള്ള അനുസരണമാണ്. ദൈവം ആവശ്യപ്പെടുന്ന കാര്യങ്ങൾ എത്ര അപ്രധാനമാണെന്ന് തോന്നുന്നതായാലും, പിറുപിറുപ്പും ലാഭേച്ഛയും കൂടാതെ ചെയ്യുവാൻ തയ്യാറാകുന്നവരാണ് യഥാർത്ഥത്തിൽ ദൈവത്തെ അറിഞ്ഞവർ. കർത്താവിന്റെ വേല ചെയ്യാനാഗ്രഹിക്കുന്ന ഓരോരുത്തരും ആഴമായി വിലയിരുത്തേണ്ടത് തങ്ങളുടെ മനോഭാവങ്ങളെയാണല്ലോ. മോശെയുടെ ജീവിതത്തിൽ ദൈവത്താൽ ഉപയോഗിക്കപ്പെട്ട മൂന്നു പേരെക്കൂടെ പരിചയപ്പെടാം.

**ഫറവോന്റെ പുത്രി**(പുറ.2:5-10): ക്രൂരതയും ദുശ്ശാഠ്യവും പശ്ചാത്തലമാക്കിക്കൊണ്ട് കല്പനകൾ പുറപ്പെടുവിക്കുന്ന ഫറവോന്റെ മകൾ. നദിയിൽ കുളിപ്പാൻ പരിവാരങ്ങളോട് കൂടെ എത്തിയ അവൾ പക്ഷേ ആർദ്രതയുടെയും, ആത്മവിശ്വാസത്തിന്റെയും വ്യക്തിത്വമായിരുന്നു. ഞാങ്ങണയുടെ ഇടയിലെ പെട്ടകം കണ്ടെത്തുവാൻ ദൈവത്താൽ അയക്കപ്പെട്ടവൾ. എബ്രായരുടെ കുഞ്ഞാണെന്നറിഞ്ഞിട്ടും (പുറ.2:6) സഹായത്തിന്റെ കരം നീട്ടുവാനവൾ തയ്യാറായി. ദൈവത്തെ ഏല്പിക്കുന്ന മക്കൾ ദൈവകരങ്ങളിൽ സുരക്ഷിതരായിരിക്കും. അവർ ചെല്ലുന്നയിടങ്ങളിൽ ശത്രുക്കൾക്ക് പോലും കരുണ ചെയ്യുവാനിടയാക്കുന്ന ഒരു ദൈവിക സാന്നിധ്യം ഉണ്ടെന്നറിയുക എത്ര ആശ്വാസകരമാണ്? മോശെ എന്ന കുഞ്ഞിനെ തൽക്ഷണം നശിപ്പിക്കുവാനധികാരമുള്ളവൾ. പക്ഷേ തന്റെയുള്ളിൽ നിറഞ്ഞ ദൈവശബ്ദം കേട്ടുകാണും "ഈ കുഞ്ഞ് നശിക്കുവാൻ പാടില്ല. അവന്റെ ഉത്തരവാദിത്തം ഞാൻ നിന്നെ ഏലിപിക്കുന്നു" എന്ന്. മക്കളില്ലാത്ത അനേക ദമ്പതികൾ സമാനമായ സാഹചര്യങ്ങളിൽ ദൈവമേല്പിച്ച മക്കളുടെ ജീവരക്ഷക്കായി സ്വയം സമർപ്പിച്ച ചരിത്രങ്ങളുണ്ട്. അവരുടെ ശുശ്രൂഷകൾ ദൈവം സുവർണ്ണ ലിപികളിലാവും തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തുക.



എന്തൊക്കെ പ്രതിസന്ധിയുണ്ടായാലും മോശെ, "അവൾക്ക് മകനായി" എന്നെഴുതിയിരിക്കുന്നു. അവൾ തന്നെയാണല്ലോ അവന് മോശെ എന്ന് പേരിട്ടതും. കൊല്ലുവാൻ കല്പന കൊടുത്ത രാജാവിന്റെ കണ്ണിന്മുമ്പിൽ കരുണയുടെ ഉറവ തുറക്കുവാൻ കഴിവുള്ള ദൈവത്തെയാണ് അവൻ കാട്ടിത്തരുന്നത്. മിസ്രയീമിലെ നിലനില്പ്പിനാവശ്യമായ അഭ്യസനവും, കരുത്തുമെല്ലാം മോശെ എന്ന വ്യക്തിത്വത്തിന് കൈമുതലാക്കിക്കൊടുത്തത് ഈ "അമ്മ"യാണ്. അവനെ വളർത്തിയപ്പോൾ അവൾക്കൊരുപാട് സ്വപ്നങ്ങളുണ്ടായിരുന്നിരിക്കാം. എല്ലാം പാതിവഴിയിൽ അസ്തമിച്ചു. എങ്കിലും ദൈവത്തിന്റെ പദ്ധതിയെ അവൾ വിജയമാക്കി; തന്റെ പങ്ക്, ഒരു ചുരുങ്ങിയ കാലത്തേക്ക് മാത്രമുള്ളത് അവൾ ഭംഗിയായി നിവർത്തിച്ചു.

**മിര്യാം** (പുറ.15:20): ദൃഢനിശ്ചയവും, ഉത്തരവാദിത്തബോധവുമുള്ള സഹോദരീ പെങ്ങൾ എന്ന പദവിയിൽ ദൈവേഷ്ടം ചെയ്ത് ദൈവജനത്തെ നയിക്കുവാൻ തക്ക കൃപ പ്രാപിച്ചവൾ (മീഖാ 6:4). മോശെയെ സംബന്ധിച്ച് ദൈവിക പദ്ധതിയിൽ ബലവത്തായ കണ്ണിയായിത്തീർന്ന ഈ പെൺകുട്ടിയാണ് ഞാങ്ങണപ്പെട്ടകത്തിന് കാവൽ കാത്ത്, രാജകുമാരിയോട് സംവാദിച്ച് തന്റെ കൂടെപ്പിറപ്പിനെ അമ്മയുടെ മടിയിലെത്തിച്ചത്. കുടുംബത്തിൽ ഒരു മകളുടെ സ്വാധീനം എത്ര നല്ല ഫലമുണ്ടാക്കും എന്നവൾ കാട്ടിത്തരുന്നു. എല്ലാ കുടുംബങ്ങളിലും പ്രശ്നങ്ങളുണ്ടാകാം. എന്നാൽ സമാധാനമുണ്ടാക്കുവാൻ, പ്രശ്നം പരിഹരിക്കുവാൻ പ്രവർത്തിക്കുമ്പോഴാണ് ഭക്തിയുള്ള സ്ത്രീകളുടെ സാക്ഷ്യം നാം പ്രാപിക്കുക. കുടുംബം വളരുന്നതനുസരിച്ച് കാര്യങ്ങൾക്കൊക്കെ മാറ്റമുണ്ടാകാം. അനുജന്റെ ശൈശവ ബാല്യങ്ങളെ നന്മ കൊണ്ട് നിറച്ച മിര്യാം പിൽക്കാലത്തെന്നോ നാത്തൂനെന്ന പദവിയിലെടുത്ത നിലപാടിൽ ദൈവത്തിന് അനിഷ്ടം തോന്നുകയും അവൾ കുഷ്ഠരോഗിയായതും നമ്മൾക്ക് മറക്കാനാവില്ലാത്ത ചരിത്രം (സംഖ്യ 12:1-16). എരിതീയിലെണ്ണ ഒഴിക്കാതെ പ്രാർത്ഥിച്ച് അവളെ മടക്കിക്കൊണ്ടുവന്നു മോശെ. അതാണ് കുടുംബം; അങ്ങനെ വേണം കൂടപ്പിറപ്പുകൾ തെറ്റുകൾ പൊറുക്കേണ്ടത്. തുറന്നു പറയുവാനും, ക്ഷമിച്ച് സ്നേഹം തിരികെ പ്രാപിക്കുവാനും കഴിയുമ്പോഴല്ലേ നാം കുടുംബമാകൂ.

**സിപ്പോറ:** മോശെയുടെ ഭാര്യ. മിദ്യാനിലെ പുരോഹിതനായ യിത്രോവിന്റെ ഏഴു പെൺമക്കളയിരുന്നു, സിപ്പോറ. പരദേശിയായ മോശെയോടൊത്ത് വിശ്വസ്തമായ കുടുംബ ജീവിതം പണിതെടുത്തവൾ. ദൈവിക ശുശ്രൂഷയിൽ ഭാര്യയുടെ പങ്കിന്റെ ശ്രേഷ്ഠത തെളിയിക്കുന്ന ജീവിതമാണവൾ രചിച്ചത്. പ്രവാചകനും, ദൈവത്തെ അഭിമുഖമായി അറിഞ്ഞവനുമായ മോശെയുടെ ജീവൻ യഹോവയുടെ ദൂതന്റെ വാളിനിരയാകാതെ കാത്തുരക്ഷിച്ച് ദൈവിക പദ്ധതിയിലവൾ പങ്കാളിയായ ചരിത്രമാണ് പുറ.4:22-26ൽ നാം വായിക്കുന്നത്. പരിച്ഛേദനയുടെ പ്രമാണത്തിൽ ദൈവമുമ്പാകെ മോശെ കുറ്റക്കാരനാകുന്നു എന്നത് തിരിച്ചറിഞ്ഞ് പരിഹരിക്കുവാൻ ആ ഭാര്യ കാണിച്ച വ്യഗ്രത സമർപ്പണത്തിന്റെ മനോഹരമായ കാഴ്ചയാണ്. അതേ, ശുശ്രൂഷ എന്നാൽ ഇതൊക്കയാണ്. ജീവിതങ്ങളെ ആർദ്രതയോടെ തെറ്റു തിരുത്തുക; സംരക്ഷിക്കുക; ദൈവഹിതത്തിൽ പടിപടിയായി വളരുവാൻ സഹായിക്കുക.

# ഓർമ്മകൾ ശവകുടീരങ്ങളല്ല



ഇവാ. അനീഷ് തോമസ് വെച്ചൂച്ചിറ

ഒരു തരത്തിൽ മനുഷ്യൻ ജീവിക്കുന്നതു തന്നെ അവന്റെ ഓർമ്മകളിലൂടെയാണെന്ന് വേണം പറയാൻ. ആശയങ്ങളും തത്വശാസ്ത്രങ്ങളും ജീവിതാനുഭവങ്ങളിലൂടെ ആർജ്ജിച്ചെടുത്ത ചിന്താഗതികളും എന്തിനേറെ നാളെ ചെയ്യേണ്ട കർത്തവ്യങ്ങളുടെ കണക്കുകൂട്ടലുകൾ പോലും സൂക്ഷിച്ചു വയ്ക്കുന്നത് ഓർമ്മകളിലല്ലേ? ഒന്നും ഓർമ്മിച്ചെടുക്കുവാൻ കഴിയാത്ത അവസ്ഥ ചിന്തിക്കുവാൻ കൂടി കഴിയില്ല. ഒരുവന്റെ ഓർമ്മകളിൽ തങ്ങിനില്ക്കുന്ന കാര്യങ്ങൾ മുഴുവ്യക്തിയെയും സ്വാധീനിക്കും. ജീവിതത്തിന്റെ ഉയർച്ചകളും താഴ്ചകളും ജയപരാജയങ്ങളുമെല്ലാം നിർണ്ണയിക്കുവാൻ അവയ്ക്ക് കഴിവുണ്ട്.

ചില ദിവസങ്ങൾക്ക് മുമ്പെ സംഭാഷണമധ്യേ ഒരാൾ എന്നോടിങ്ങനെ പറഞ്ഞു:"ബ്രദർ ഞാൻ നടന്നു പോകുന്ന വഴിയിൽ 2 പേർ എന്നെ ചിരിച്ചു കാണിച്ചു എന്നിരിക്കട്ടെ, ഒരാൾ നിഷ്ക്കളങ്കതയോടെയും, മറ്റേയാൾ പരിഹാസ ഭാവത്തോടെയും. ഏതാണ് നാം ഓർത്തിരിക്കുക. പരിഹാസദ്യോതകമായ ചിരിയല്ലേ?!" അവിടെ നിന്നാണ് എന്റെ ചിന്തകളും കാടു കയറിയത്. ഓർമ്മ വിരിയുന്ന ചെറിയ പ്രായത്തിൽ സുഹൃത്തുക്കൾ കളിയാക്കിച്ചിരിച്ച പേരുകൾ ഇന്നും മറന്നിട്ടില്ല. പക്ഷേ അന്നൊക്കെ ലഭിച്ച സ്നേഹവായ്പ്പുകൾ എന്നേ മറന്നു കളഞ്ഞു. തളർത്തുന്ന വാക്കുകളും, പരിഹാസങ്ങളും, അവഗണനകളും, ആഘാതങ്ങളും പലരുടെയും ജീവിതത്തെ സ്വാധീനിക്കുന്നു. കാലം അവയെ മറയ്ക്കുമെന്ന് ചിന്തിച്ചുകൊണ്ട് ഉത്തരവാദിത്വങ്ങളുടെ തിരക്കുകളിലേക്ക് നാം ഊളിയിട്ടു. പക്ഷേ ഇത്തരം നെഗറ്റീവായ ചിന്തകൾ എങ്ങും പോയിട്ടില്ല. വലിയ വലിയ ആന്തരിക മുറിവുകൾ ശേഷിപ്പിച്ചുകൊണ്ട് ബോധമനസ്സിനപ്പുറത്ത് സ്ഥാനം പിടിച്ചെന്നു മാത്രം. എനിക്കു തോന്നുന്നത് എല്ലാ മനുഷ്യരും കൂടുതലും ഓർത്തിരിക്കുന്നത് നെഗറ്റീവായ കാര്യങ്ങളാണ്. മാധുര്യമേറിയ പല നൊസ്റ്റാൾജിക് ഫീലിങ്ങുകളും അല്പകാലം കഴിയുമ്പോൾ ഓർമ്മകളിൽ നിന്ന് അപ്രക്ഷത്യമാകുന്നു. വല്ലപ്പോഴുമൊരിക്കൽ അയവിറക്കിയെങ്കിലായി. എന്നാൽ വാർദ്ധക്യം വരെയും ജീവിതത്തെ കയ്പ്പിക്കുന്ന ഓർമ്മകളുമായി പലരും കൂട്ടു കൂടുന്നു. ഇതു പോലുള്ള പല കാര്യങ്ങളും ഒന്ന് മറന്നു കളയുവാൻ സാധിച്ചാൽ തന്നെ പല മാനസിക രോഗവിദഗ്ധന്മാരും, കൗൺസലന്മാരുമൊക്കെ ജോലിത്തിരക്കുകളിൽ നിന്നൊഴിയുമായിരുന്നു.

ജീവിതത്തിന്റെ താളം തന്നെ തെറ്റിപ്പോകുമെന്ന് ചിന്തിച്ച അവസരങ്ങളിൽ ഓർമ്മകളിലോക്കോടിയെത്തിയ ചില ഭൂതകാല സംഭവങ്ങൾ അവിടെ നിന്നും കൈപിടിച്ചുയർത്തിയിട്ടുണ്ട്. ബദ്ധശത്രുക്കളായിരുന്നവർ രക്തബന്ധങ്ങളേക്കാൾ അടുത്ത സ്നേഹിതരായി മാറിയതും, അവസാനം വരെ പ്രതീക്ഷിച്ചിരുന്ന പരാജയത്തിൽ നിന്നും അപ്രതീക്ഷിതമായി ജയിച്ചു കയറിയതും, മോശക്കാരെന്ന് വിചാരിച്ച പലരും പ്രചോദനങ്ങളായി തീർന്നതും അങ്ങനെ എത്രയെത്ര സംഭവങ്ങൾ ജീവിക്കുവാൻ നമ്മെ പ്രേരിപ്പിച്ചിട്ടുണ്ട്.

ലൂസിലെ വഴിയരികിൽ യാക്കോബ് കണ്ട സ്വപ്നം ജീവിക്കുവാൻ പ്രതീക്ഷ നൽകുന്നതായിരുന്നു. സ്വപ്നത്തിലെ ഗോവേണി തന്റെ ജീവിതം മുഴുവൻ തന്നെ പിന്തുടരുന്നു. ലാബാന്റെ ഭവനത്തിൽ താനനുഭവിച്ച ഏകാന്തതയും, അവഗണനയും ഒക്കെ സഹിക്കുവാൻ തന്നെ പ്രാപ്തനാക്കിയതുപോലും ഒരു പക്ഷേ സ്വർഗ്ഗത്തിന്റെ സാന്നിദ്ധ്യം നിറഞ്ഞു നില്കുന്ന ഈ സ്വപ്നത്തെക്കുറിച്ചുള്ള ഓർമ്മകളായിരിക്കാം. "ഒരുത്തൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടി, പഴയതു കഴിഞ്ഞുപോയി. ഇതാ സകലവും പുതുതായി തീർന്നിരിക്കുന്നു". (2കൊരി.5:17) വേദനിപ്പിക്കുന്ന ഓർമ്മകൾ നമുക്ക് ഉപേക്ഷിക്കാം. ക്രിസ്തുവിൽ പുതുജനനം പ്രാപിച്ച നമ്മുടെ ഓർമ്മകളിൽ വാഗ്ദത്തങ്ങൾ സ്ഥാനം പിടിക്കട്ടെ; സന്തോഷമേകുന്നതും ജീവൻ പകരുന്നതുമായ നല്ല സ്മരണകൾ നമ്മുടെ ഓർമ്മകളിൽ വിളങ്ങട്ടെ. നമ്മുടെ ഓർമ്മകൾ ദുഃഖസാന്ദ്രമായ കുടീരങ്ങളല്ല: മറിച്ച്, ഉത്സാഹഭരിതമായ ആരാധനാ സ്ഥലങ്ങളായി മാറട്ടെ.

## ഉണർവ്വ് പ്രാർത്ഥന

ഞാറയ്ക്കൽ: വൈപ്പിൻ ദ്വീപിന്റെ ഉണർവ്വിനായി റിവൈവൽ മിനിസ്ട്രീസിന്റെ നേതൃത്വത്തിൽ സെപ്തംബർ 21-ന് ഏകദിന പ്രാർത്ഥന നടത്തി. കെ.റ്റി.എക്സ് ഹാളിൽ നടന്ന യോഗത്തിൽ പാസ്റ്റർമാരായ നോബിൾ സാമുവേൽ, ബെന്നി തോമസ്, ജെയിംസ് മുളവന തുടങ്ങിയവർ ശുശ്രൂഷിച്ചു.


**ഇത്രത്തോളം കൊണ്ടുവന്ന ദൈവത്തിന് സ്തോത്രം.**

നിങ്ങൾക്ക് പുതിയ പോളിസി എടുക്കുന്നതിനും, നിങ്ങളുടെ പണം സുരക്ഷിതമായി നിക്ഷേപിക്കുന്നതിനും ഞങ്ങൾ നിങ്ങളെ സഹായിക്കാം.





**C.G. സാംകുട്ടി & സാറാമ്മ സാംകുട്ടി**

Chief Life Insurance Advisors.

Corporate Club Member, Chairman's Club Member

**തൊഴിലവസരം**

ഇന്ത്യയിലെ എല്ലാ സ്ഥലങ്ങളിൽ നിന്നും LIC ഇൻഷ്വറൻസ് അഡ്വൈസർമാരെ ആവശ്യമുണ്ട്. കുറഞ്ഞ യോഗ്യത SSLC പാസ്സ്. മാന്യമായ സ്ഥിര വരുമാനം സമ്പാദിക്കാം. ഉടൻ ഞങ്ങളുമായി ബന്ധപ്പെടുക. ഇന്ത്യയിലെ എല്ലാ LIC ബ്രാഞ്ചുകളിലെയും പ്രീമിയം പോളിസികൾ ഞങ്ങളുടെ ഓഫീസിൽ കൂടി അടക്കുവാൻ അവസരം.

OFFICE: LIC of India, Jeevan Jyothi
Policy Service Centre, Unity Tower
Opp. Pvt.Bus Stand, Pulamon, Kottarakkara
Ph: 9447192916, 9446185886, 04734-212916
sarammasamkutty@yahoo.com

ഗിൽഗാൽ ജെംഭവൻ, ഏനാത്ത് പി.ഒ.,
പത്തനംതിട്ട (Dist).



നിങ്ങളുടെ വിവാഹം ഏറ്റവും ഭംഗിയായും ഉത്തരവാദിത്വത്തോടും ചെയ്തുതരുന്നു



BENEvents
providing colourful events
Bethel Building, Near SBT
Kumbanad, Thiruvalla 689 547, India
Mob: 9947933433
Email: benevents@ymail.com
www.benevents.org

# റിക് വാറൻ പഠിപ്പിക്കുന്ന പാഠങ്ങൾ



1–ാം പേജ് തുടർച്ച

നാകുമെന്ന തയ്യാറെടുപ്പിലായിരുന്നു. എല്ലാം കൊണ്ടും മനുഷ്യർക്കും ദൈവത്തിനും പ്രസാദമുള്ള വഴിയിലായിരുന്നു അവർ. പക്ഷേ അവരുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവിക ഉദ്ദേശ്യം അതിനേക്കാൾ ആഴമേറിയതായിരുന്നു. 2003–ൽ ദൈവവേലയിൽ വിശ്രമമില്ലാതെ വ്യാപൃതയായ വളർച്ചയെത്തിയ മൂന്നു മക്കളുടെ അമ്മയായ കേ ക്യാൻസർ രോഗിയാണെന്ന് വൈദ്യശാസ്ത്രം വിധിയെഴുതി. ലോകമെങ്ങുമുള്ള ആരാധകർ രോഗസൗഖ്യത്തിനായി ഉപവാസവും പ്രാർത്ഥനയും പ്രഖ്യാപിച്ചു. പക്ഷേ റിക്ക് ദമ്പതികളവരെ തിരുത്തി. തങ്ങളെക്കുറിച്ചുള്ള ദൈവിക പദ്ധതിയിലൂടെ അവർ സഞ്ചരിക്കുകയാണെന്ന് ലോകത്തോടവർ പറഞ്ഞു. അതിനുള്ള ദൈവകൃപ ലഭിക്കുവാനായി പ്രാർത്ഥിക്കുവാനവർ അപേക്ഷിച്ചു. റിക്കെഴുതിയ പുസ്തകത്തിലെ കാര്യങ്ങൾ അങ്ങനെ തന്നെയെന്ന് പ്രവർത്തിയിലൂടെ കാണിച്ചുകൊടുക്കുവാൻ ദൈവം ആവശ്യപ്പെട്ടതുപോലെ അവർ ക്യാൻസർരോഗത്തെ ഉൾക്കൊണ്ടു.

രണ്ടു കാര്യങ്ങളാണ് ഇവിടെ നമ്മെ പഠിപ്പിക്കുന്നത്. ഏതെങ്കിലും രോഗമോ, പ്രശ്നങ്ങളോ വന്നാലുടൻ, വിടുതലിനായി നീന്തറിയാതെ വെള്ളത്തിൽ വീണവരെപ്പോലെ വെപ്രാളം കാണിക്കുന്നവരാണ് നമ്മിലധികവും. കാര്യം സാധിച്ചില്ലെങ്കിൽ വിടുതൽ പ്രാപിക്കുംവരെ ഉപവാസം പ്രഖ്യാപിക്കുമെന്ന് (അതിശയോക്തി ക്ഷമിക്കുക) ദൈവത്തോട് ഭീഷണി മുഴക്കുന്നവരാണ് നമ്മൾ. അതും പോരാഞ്ഞ് പ്രശ്നം തീർക്കുവാൻ ആരാധിക്കുമ്പോൾ മാത്രം ഹാളിന്റെ മൂലയിൽ നിന്ന് പരിശുദ്ധാത്മാവിനെ പ്രവേശിപ്പിക്കുവാൻ വരം ലഭിച്ച സിദ്ധന്മാരെ വരുത്തുന്നവരാണ് നമ്മൾ. അവിടെയും ഫലം കണ്ടില്ലെങ്കിൽ ശക്തമായ കെട്ടിലോ, ശാപത്തിലോ, അവിശ്വാസത്തിലോ അകപ്പെട്ട പാപികളുടെ പട്ടികയിൽ വിധിക്കപ്പെട്ടതു തന്നെ. എന്നാൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ അതിലെ ദൈവഹിതം ഇന്നതെന്ന് തിരിച്ചറിഞ്ഞ് മുന്നേറണമെന്നല്ലേ റിക്ക് ദമ്പതികൾ നമ്മെ പഠിപ്പിക്കുന്നത്?

ആത്മാർത്ഥതയോടെ മറ്റുള്ളവരെ ഉപദേശിക്കുകയും, ആശ്വസിപ്പിക്കുകയും ചെയ്യുന്ന ഭക്തന്മാരെ, തങ്ങൾ പറഞ്ഞ കാര്യം പ്രായോഗിക ജീവിതത്തിലൂടെ തെളിയിക്കുവാൻ ദൈവം അഗ്നി പരിശോധനയിലൂടെ കടത്തിവിടുമെന്ന വലിയൊരു പാഠവും അവരുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഇങ്ങനെ സംഭവിച്ചാൽ അത് പ്രാർത്ഥിക്കുവാൻ പോയപ്പോൾ പിശാച് തിരിച്ചടിച്ചതാണെന്നാണ് നമ്മുടെ ധാരണ. റിക്ക് ദമ്പതികളുടെ മകന്റെ ആത്മഹത്യ ഞാൻ പറഞ്ഞു വന്നതിനെ സാധൂകരിക്കുന്ന മറ്റൊരു ദുരന്തമാണ്. "സന്തോഷം മാത്രം പോരാത്തതിനാൽ, ആനന്ദം തിരഞ്ഞെടുക്കൂ" (Choose Joy: Because happiness isn't enough) എന്ന കേയുടെ പുസ്തകം 2012 ഏപ്രിലിൽ പുറത്തിറങ്ങി. നിങ്ങളുടെ ജീവിതം എത്ര ആശയറ്റതും, ഇരുളേറിയതും ആയിരിക്കുമ്പോഴും ആനന്ദിക്കാനാവും എന്നതായിരുന്നു അതിലെ പ്രതിപാദ്യ വിഷയം. കൃത്യം ഒരു വർഷമായപ്പോൾ 2013 ഏപ്രിലിൽ മനോരോഗിയായിരുന്ന അവരുടെ മകൻ ആത്മഹത്യ ചെയ്തപ്പോൾ പുസ്തകത്തിലെ സന്ദേശം ജീവിതത്തിൽ പകർത്തുവാൻ ദൈവം അവരോട് ആവശ്യപ്പെടുകയായിരുന്നില്ലേ? സി.എൻ.എന്നുമായുള്ള അഭിമുഖത്തിൽ അതാണ് നമ്മൾ കേട്ടത്.

ഈ മഹാദുരന്തത്തിലൂടെ എന്താണവർ നമ്മെ പഠിപ്പിക്കുന്നത്? മാറ്റങ്ങൾക്ക് വിധേയമായ ജീവിതത്തിൽ വേദന യാഥാർത്ഥ്യമാണെന്നും, അത്തരം സന്ദർഭങ്ങളിൽ കരയുന്നത് വിശ്വാസത്തിന്റെ കുറവു കൊണ്ടല്ലെന്നും, കണ്ണുനീർ ദുഃഖത്തെ ശമിപ്പിക്കുവാൻ ദൈവം നൽകിയ ഔഷധമാണെന്നും അവർ നമ്മെ പഠിപ്പിച്ചു. വിശ്വാസത്തിൽ പതറാതെ, ദൈവത്തെ പഴിചാരാതെ ദൈവിക പദ്ധതി എന്തിനെന്ന് ചോദിക്കുവാൻ നമുക്ക് കഴിയുമെന്നദ്ദേഹം പറഞ്ഞു തന്നു. മാനസിക രോഗിയായ മകന് ഓൺ ലൈനിലൂടെ തോക്കു വിറ്റ ആളോട് ക്ഷമിക്കുവാൻ പാടുപെട്ട റിക്ക് ഒടുവിൽ തന്റെ പാപം പൊറുത്ത യേശുവിനെ ഓർത്തപ്പോൾ അയാളോട് ക്ഷമിച്ചതിലൂടെ ക്ഷമയുടെ പാഠം നമ്മെ പഠിപ്പിച്ചു. തന്റെ മകൻ 'ഗേ' ആയിരുന്നുവെന്ന് അപവാദം പറഞ്ഞവരെ വൈപ്പർ കൊണ്ടെന്ന പോലെ അടിച്ചു മാറ്റി പ്രത്യാശയോടെ മുന്നോട്ട് പോകുന്ന അവർ, സർപ്പ വിഷത്തേക്കാളും, കുന്തമുനയേക്കാളും മാരകമായ നാവിനെ ഏഷണിക്കായി ഉപയോഗിക്കുന്നവരുടെ മുറിവേല്ക്കാതെ എങ്ങനെ മുന്നോട്ട് യാത്ര തുടരാമെന്നും നമ്മെ പഠിപ്പിക്കുന്നു.

സ്വന്തം കുഞ്ഞുങ്ങളെ രക്ഷിക്കാനാവാതെ നിസ്സഹായതയുടെ തീച്ചൂളയിൽ വെന്തുരുകി കഴിയുന്ന മാതാപിതാക്കളുടെ പ്രചോദനമായി റിക്ക് ദമ്പതികളെ ദൈവം നിർത്തിയിരിക്കുന്നു. പണം കൊണ്ടോ, സ്വാധീനം കൊണ്ടോ, മരുന്നു കൊണ്ടോ, പ്രാർത്ഥന കൊണ്ടോ, സ്നേഹം കൊണ്ടോ ആത്മഹത്യയിലൂടെ ജീവൻ അപഹരിക്കുമെന്നറിഞ്ഞ തങ്ങളുടെ മകനെ രക്ഷിക്കുവാൻ കഴിയാത്ത നിസഹായരാണവർ. ഒടുവിൽ ദൈവഹിതത്തിനവർ കീഴ്പ്പെട്ടു. ദൈവവചനത്തിലവർ ആശ്വാസം കണ്ടെത്തി.

തങ്ങൾ കടന്നു പോയ പാതകളിലൂടെ കടന്നു പോകുന്നവരെ സഹായിക്കുവാൻ അവർ പ്രതിജ്ഞയെടുത്തു. തീവ്രമായ നിരാശയുടെ മധ്യത്തിലും ദൈവത്തിലുള്ള പ്രത്യാശ കൈവിടരുതെന്നാണ് കേയ്ക്ക് നമ്മോട് പറയാനുള്ളത്. തുടർന്നുള്ള യാത്രക്ക് അതേറെ കരുത്തേകും.





IPC പ്രെയർ സെന്റർ ചർച്ച്

ജോസീസ് ജംഗ്ഷൻ, പുഷ്പഗിരി റോഡ്, മഞ്ഞാടി, തിരുവല്ല

ആരാധന
എല്ലാ ഞായറാഴ്ചയും
രാവിലെ 8 മുതൽ 11.30 വരെ

പ്രാർത്ഥന
എല്ലാ വെള്ളിയാഴ്ചയും
10.30 മുതൽ 1 മണിവരെ

പാസ്റ്റർ രാജൂ പുവക്കാല
IPC പ്രെയർ സെന്റർ
ഫോൺ: 9847032151, 0469 – 2693249, 9744343051
E-mail: prayercentretvla@gmail.com
rajupoovakala@gmail.com



www.facebook.com/groups/prayercentrethiruvalla


# 32–ാമത് മലയാളി കോൺഫ്രൻസ് പ്രവർത്തന ഉദ്ഘാടനം



*പാസ്റ്റർ ബാബു തോമസ്*

ന്യൂയോർക്ക്: 2014 ജൂലൈ 3–6 വരെ മിഷിഗണിൽ നടക്കുന്ന മലയാളി പെന്തെക്കോസ്ത് കോൺഫ്രൻസ് സമ്മേളനത്തിനായുള്ള നാഷണൽ കമ്മറ്റിയുടെ പ്രവർത്തോദ്ഘാടനം സെപ്തംബർ 7–ന് ലാൻസിംഗ് പട്ടണത്തിലുള്ള കൺവൻഷൻ സെന്ററിൽ നടന്നു. കോൺഫ്രൻസിന്റെ വിവിധ വിഷയങ്ങളെക്കുറിച്ച് നാഷണൽ കമ്മറ്റി കരടുരേഖ തയ്യാറാക്കി. "യഹോവേ ഞങ്ങളെ നിങ്കലേക്ക് മടക്കി വരുത്തേണമേ" എന്നുള്ളതാണ് ചിന്താവിഷയം. സമ്മേളനത്തിന്റെ അനുഗ്രഹത്തിന് വേണ്ടി ഒക്ടോബർ 5–ന് ഉപവാസ പ്രാർത്ഥനാ ദിനമായി ആചരിക്കും.

മനോഹരമായ ലാൻസിംഗ് കൺവൻഷൻ സെന്റർ മുൻകാലങ്ങളിലേക്കാൾ വളരെ പുതുമ നിറഞ്ഞതാണ്. എല്ലാ മീറ്റിങ്ങുകളും അടുത്തടുത്ത മുറികളിൽ ക്രമീകരിക്കുവാനുള്ള സൗകര്യം ഇവിടെയുണ്ട്. നക്ഷത്രനിലവാരമുള്ള ഹോട്ടൽ റാഡിസൺ മുഴുവനായി കോൺഫ്രൻസിന്റെ താമസസൗകര്യത്തിനായി ക്രമീകരിച്ചിട്ടുണ്ട്. ഫെയ്ത്ത് ക്രിസ്ത്യൻ ചർച്ചിന്റെ സ്ഥാപകനും പാസ്റ്ററുമായ ഡോ.രാജൻ ജോർജ്ജ് നാഷണൽ കൺവീനറായി പ്രവർത്തിക്കുന്നു. ബൈബിൾ സെമിനാരി അദ്ധ്യാപകനും ഹോസ്പിറ്റൽ ചാപ്ലെയിനുമാണ് ഇദ്ദേഹം. സെക്രട്ടറിയായി പ്രവർത്തിക്കുന്ന ജോമോൻ ഗീവർഗീസ് നല്ലയൊരു ഗായകനും ഗാനരചയിതാവുമാണ്. പി.വൈ.എഫ്.എ.സെക്രട്ടറി, നോർത്ത് അമേരിക്കൻ അസംബ്ലീസ് ഓഫ് ഗോഡ് സെക്രട്ടറി, എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ട്രഷറാറായി പ്രവർത്തിക്കുന്ന ബ്രദർ പി.ജി.വർഗീസ് ധനതത്വശാസ്ത്രത്തിൽ ബിരുദനാനന്തര ബിരുദധാരിയും പല സംഘടനകളിലും നേതൃത്വം വഹിച്ചിട്ടുള്ള വ്യക്തിയുമാണ്. നാഷണൽ യൂത്ത് കോർഡിനേറ്റർ ജയിം ജോൺ ടൊറന്റയിലുള്ള ന്യൂ ഹോപ് ചർച്ചിന്റെ പാസ്റ്ററും വിവിധ യുവജന സംഘടനകളുടെ ഭാരവാഹിയും യുവജനപ്രഭാഷകനുമാണ്. പാസ്റ്റർ ബാബു തോമസ് മീഡിയാ പബ്ലിസിറ്റി കോർഡിനേറ്ററായി പ്രവർത്തിക്കുന്നു. PCNAK2014.COM എന്ന വെബ്സൈറ്റിൽ നിന്നും കൂടുതൽ വിവരങ്ങൾ അറിയാം.


# പാസ്റ്റർ ഉമ്മൻ ജോർജ്ജിന്റെ പുസ്തകങ്ങൾ



വ്യത്യസ്തമായ ചില പുസ്തകങ്ങളുമായി പാസ്റ്റർ ഉമ്മൻ ജോർജ്ജ് ശ്രദ്ധേയനാകുന്നു. ഉപദേശ വിശുദ്ധിക്കും വേർപാടിനും വേണ്ടി ശക്തമായി നിലകൊള്ളുന്ന ഇദ്ദേഹത്തിന്റെ പുസ്തകങ്ങൾ പ്രധാനമായും ദുരുപദേശങ്ങൾക്കെതിരെയുള്ള ശക്തമായ മുന്നറിയിപ്പുകളാണ്.


പുനലൂർ സ്വദേശിയായ ഈ ദൈവദാസൻ കടമ്പനാക്കുഴിയിൽ ഉമ്മൻ–മറിയാമ്മ ദമ്പതികളുടെ മകനായി ജനിച്ചു. ദ പെന്തെക്കോസ്തു മിഷൻ സഭാംഗമായി. 1978–ൽ മസ്ക്കറ്റിൽ ജോലിക്കായി എത്തിയ ഇദ്ദേഹം ആദ്യം ഒ.പി.എയിൽ ആരാധിച്ചെങ്കിലും പിന്നീട് മസ്ക്കറ്റിലെ ആദ്യ ടി.പി.എം.സഭക്ക് സ്വന്തം വീട്ടിൽ തുടക്കം കുറിച്ചു. നാലുപേരുമായി തുടങ്ങിയ ഈ ആരാധന 74 പേരുള്ള ആരാധനയാക്കി മാറ്റി.

1988–ൽ വിസിറ്റിങ്ങിനായി അമേരിക്കയിലെത്തിയ ഉമ്മൻ ജോർജ്ജിനെ ന്യൂയോർക്കിലെ ഒരു ഐ.പി.സി.സഭ പാസ്റ്ററായി സ്പോൺസർ ചെയ്തു. അന്നു മുതൽ ഐ.പി.സി.യോടുള്ള ബന്ധത്തിൽ ആരാധിക്കുന്നു. ഇടക്ക് നാട്ടിൽ ഇന്റർനാഷണൽ പെന്തെക്കോസ്ത് മിഷൻ എന്ന പേരിൽ സ്വതന്ത്ര സഭയും ആരംഭിച്ചു.

ജീവിതത്തിൽ നിരവധി കഷ്ടതകളെ അഭിമുഖീകരിക്കേണ്ടി വന്ന ഈ ദൈവദാസൻ ദൈവിക വെളിപ്പാടിന്റെയും സ്വന്തം പഠനങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ അഞ്ചു പുസ്തകങ്ങൾ ഇതിനകം പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

**പുസ്തകങ്ങൾ:**
1. ആഭരണം ധരിക്കുന്നത് ശരിയോ തെറ്റോ?
2. ഇത് നിനക്കുള്ള മുന്നറിയിപ്പ്
3. ക്രൈസ്തവ വിഭാഗങ്ങൾ ന്യായപ്രമാണത്തിലോ?
4. നരകവും ന്യായവിധിയും
5. വിവാഹവും ക്രിസ്തീയ ജീവിതവും







**വിലാസം: Pr.Oommen George,**
**502, Oakdale Dr., Stafford, TX 77477, USA**
**Ph: 281 403 2718, 832 274 2537**



മികച്ച ആത്മീക ഗായകസംഘം

## ഹീലിംഗ് മെലഡീസ് നിരണം, തിരുവല്ല

* പഴയ ഗാനങ്ങളുടെ പ്രൗഢിയിൽ പുതിയ ഗാനങ്ങളുടെ തിളക്കവുമായി ആത്മീക വേദികളിൽ നിറഞ്ഞു നില്ക്കുന്നു.
* ആത്മീകരും അച്ചടക്കവുമുള്ള പ്രശസ്തരായ ഗായികാ ഗായകന്മാർ
* അത്യാധുനിക സംഗീതോപകരണങ്ങൾ, സൗണ്ട് & ലൈറ്റിന്റെ അകമ്പടിയോട് ആത്മിക വേദികളിലെവിടെയും
* ശക്തമായ നേതൃത്വം, ആരാധനയുടെയും ധ്യാനത്തിന്റെയും അനർഘ നിമിഷങ്ങൾ



ഡയറക്ടർ
പാസ്റ്റർ മാത്യു ജോർജ്ജ് നിരണം
9349116074, 9400517092 (O)
0469-2617092 (Res)



# നാഥൻ പുതുക്കിപ്പണിത ജീവിതവുമായി ജോയിസ് തോന്നിയാമല

കണ്ണുനീർ വീണ് കുതിർന്ന കടലാസ്സിൽ ജോയിസ് തോന്നിയാമല എന്ന പ്രവാസകവി ഇങ്ങനെ കുറിച്ചു.

"പുതുക്കീടണേ നാഥാ മെനഞ്ഞിടണേ
യോഗ്യനാക്കീടണേ നിൻ മുമ്പിൽ നിൽപ്പാൻ
അനുതാപമോടെ വന്നിടുന്നേ ഞാൻ
അനുഭവമാക്കണേ നിൻഹിതം പോൽ
നിൻ വഴി മറന്നേറെ അലഞ്ഞെങ്കിലും
കൂടെ വന്നെന്നെ നീ വഴി നടത്തി
ഏകനായ് വീഥിയിൽ ഇടറിയപ്പോൾ
മുറിഞ്ഞതാം മാറിലെ സ്നേഹമേകി......"

മണലാരണ്യത്തിൽ കഠിനാധ്വാനവും ബുദ്ധിയും കൊണ്ട് കെട്ടിപ്പൊക്കിയ ബിസിനസ് സാമ്രാജ്യം നിമിഷങ്ങൾ കൊണ്ട് തകർന്നടിഞ്ഞ് ഒന്നുമില്ലാത്തവനായി പാലായനം ചെയ്യേണ്ടി വന്ന ഒരു യുവബിസിനസുകാരന്റെ വിങ്ങുന്ന ഹൃദയരക്തത്തിൽ ചാലിച്ചാണ് ജോയ്സ് കവിതയും ഗാനങ്ങളുമെഴുതിത്തുടങ്ങിയത്.

ഇന്നു ജോയ്സ് തികച്ചും വ്യത്യസ്തനാണ്. ദൈവം നന്മ തന്നപ്പോൾ രണ്ടു കയ്യും നീട്ടി സ്വീകരിച്ച ലാഘവത്തോടെ തന്നെ ദൈവം എല്ലാം മടക്കിയെടുത്തപ്പോഴും സന്തോഷത്തോടെ സ്വീകരിച്ചു. തന്നെ പാദപീഠത്തിൽ തിരികെയെത്തിച്ച തമ്പുരാന്റെ പദ്ധതിക്കു മുമ്പിൽ സന്തോഷത്തോടെ ശിരസ് നമിക്കുന്നു.

പത്തനംതിട്ടക്കടുത്ത് തോന്നിയാമല ഗ്രാമത്തിൽ ജനിച്ചു. കടമ്മനിട്ട കവിതകളെ നെഞ്ചേറ്റി കാതോലിക്കേറ്റ് കോളജിന്റെ ഇടനാഴികകളിൽ യൗവ്വനം പിച്ചവച്ചപ്പോഴും പൈതൃകമായി കിട്ടിയ ആത്മീയ താല്പര്യങ്ങൾ കൈമോശം വരാതെ സൂക്ഷിച്ചു. ബാല്യം മുതൽ കൂടെക്കൂടിയ സർഗ്ഗാത്മതക്ക് കവിതയായും, കഥയായും സാക്ഷാത്ക്കാരമായപ്പോൾ പി.വൈ.പി.എ.മത്സരങ്ങളിൽ തുടർച്ചയായി ഒന്നാം സ്ഥാനങ്ങൾ. കോളജ് മാഗസിനുകളിൽ കോറിയിട്ട വരികൾക്ക് ലഭിച്ച അഭിനന്ദനങ്ങൾ കൂടെയായപ്പോൾ രചനയുടെ ലോകം സ്വപ്നം കണ്ടിരുന്നു.

ന്യൂഡൽഹിയിലെ ഭാരതീയ വിദ്യാഭവനിൽ ബിസിനസ് മാനേജ്മെന്റ് പഠനാനന്തരം ജോലി തേടി മരുഭൂമിയിലെത്തിയതോടെ സർഗ്ഗശേഷിക്കും വരൾച്ച ബാധിച്ചു. പത്തു വർഷത്തെ വിശ്വാസ ജീവിതം. ആദ്യം ജോലിക്കാരനായി. പിന്നെ 120 തൊഴിലാളികളുള്ള അഞ്ചു കമ്പനികളുടെ ഉടമയായി മാറിയതോടെ ഗൾഫ് ജീവിതം ആഘോഷമാക്കി മാറ്റി. ബിസിനസിന്റെ ഉയർച്ചകൾക്കൊപ്പം ആത്മീയതയിലെ താഴ്ചകളെന്ന പതിവ് ക്ലീഷേ ജോയിസിന്റെ ജീവിതത്തിലും വരിതെറ്റാതെ വന്നെത്തി. സൗഹൃദത്തിന്റെ പൂക്കാലം വിളയിച്ച ആ നാളുകളിൽ ആത്മീയതയുടെ അടിവേരു വരെ ഉണങ്ങിക്കരിഞ്ഞു പോയി.

പണമാണ് ജീവിതമെന്ന ലക്ഷ്യബോധം നൽകിയ ജ്വരപൂർണ്ണിമയിൽ ഗതിവേഗം പോരെന്ന് തോന്നിയ നാളുകൾ ഒന്നിനു പുറകേ ഒന്നായി അഞ്ചു കമ്പനികൾ. റിസഷന്റെ കാർമേഘം ഗൾഫിന്റെ മണൽത്തരികളിൽ ഭീതിയുടെ നിഴൽ വീഴ്ത്തിയ മൂന്നു വർഷങ്ങൾ 2008–2010. ജോയിസിന്റെ ബിസിനസ് സാമ്രാജ്യവും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായി. അബുദാബിയിൽ ഒരു യൂറോപ്യൻ കമ്പനിയുമായി സഹകരിച്ച് ചെയ്തു തുടങ്ങിയ 12 മില്യൺ ദിർഹത്തിന്റെ വമ്പൻ പ്രൊജക്ട് പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നു. ഒടുവിൽ എല്ലാമുപേക്ഷിച്ച് ഗൾഫിൽ നിന്ന് വെറും കയ്യോടെ പാലായനം ചെയ്യേണ്ടി



*ജോയിസ് തോന്നിയാമലയും കുടുംബവും*

വന്നപ്പോൾ തകർച്ചയുടെ ഒന്നാം ഘട്ടം പൂർത്തിയായി.

ഇതിനിടെ 2007-ൽ അമേരിക്കയിൽ ഇമിഗ്രന്റ് വിസ ലഭിച്ചിരുന്നു. അന്ന് വെറുതെ അമേരിക്കയിൽ വന്ന് മടങ്ങിപ്പോകുമ്പോൾ ഈ രാജ്യത്ത് പാർക്കുവാൻ വരണമെന്ന് ആഗ്രഹമേ ഇല്ലായിരുന്നു. ഒടുവിൽ നിലയില്ലാക്കയത്തിൽ മുങ്ങിത്താഴുമ്പോൾ 2010 ആഗസ്റ്റ് 7-ന് അമേരിക്കയിലേക്ക് പോന്നു. അമേരിക്കയിൽ കാര്യങ്ങളൊന്നും സുഗമമായിരുന്നില്ല. നിത്യവൃത്തിക്കു പോലും വകയില്ലാതെ ഞെരുങ്ങിയ നാളുകൾ. കഠിന നിരാശയുടെ ആ നാളുകളിലൊന്നിൽ ദൈവത്തോട് ഹൃദയം പൊട്ടി നിലവിളിച്ചു. "ദൈവമേ നിന്നെ മറന്നു ഞാൻ ഏറെ അലഞ്ഞു.. പൊറുക്കണേ നാഥാ."



## അമേരിക്കൻ താൾ

കണ്ണുനീരോടെ ആ സമർപ്പണ വരികൾ കുറിച്ചു. "പുതുക്കീടണേ നാഥാ മെനഞ്ഞിടണേ..." അതൊരു പുതിയ തുടക്കമായിരുന്നു. ശ്രുതിമധുരമായ അർത്ഥപൂർണ്ണമായ ഇരുപത്തിയഞ്ച് ഗാനങ്ങൾ, വേദപുസ്തക ഭൂമികയിൽ ചുവടൂന്നിയ നിരവധി കവിതകൾ. ഒരു കവിയുടെ ജന്മവേദനയായിരുന്നോ ദൈവം നൽകിയ കഷ്ടതയുടെ നാളുകൾ?

ഉള്ളംകരത്തിൽ വഹിക്കുന്ന ദൈവം
ഉള്ളം അറിഞ്ഞെന്നെ താങ്ങിടുന്നു
ഉറ്റവർ തള്ളിടും വേളയിൽ നമ്മെ
മാറോടണച്ചു തൻ ചാരേ മറയ്ക്കും......

എല്ലാവരും തള്ളി നിന്ദിച്ചപ്പോൾ കരഞ്ഞു കൊണ്ടെഴുതിയ ഈ വരികളാണ് ജോയിസിനേറെ പ്രിയം. ഇതിനകം 'സർവം സഹിച്ചവൻ' എന്ന കവിതാ സമാഹാരം, ദ സൊളൈസ് (സ്നേഹ സ്വാന്തനം) എന്ന ഗാനസമാഹാരവും സിഡിയായി പുറത്തിറക്കി. കവിതകളെ മലയാളത്തിന്റെ പ്രിയ കവി ഒ.എൻ.വി.കുറുപ്പ് അഭിനന്ദിച്ചത് മറ്റേത് അവാർഡിനേക്കാളും വിലയേറിയ അംഗീകാരമായി ജോയിസ് കാണുന്നു.

എങ്കിലും കേരളാ പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം എന്ന അമേരിക്കൻ മലയാളി എഴുത്തുകാരുടെ കൂട്ടായ്മയും ഈ കവിയെ തുടക്കത്തിലേ തിരിച്ചറിഞ്ഞു. കവിതക്കുള്ള 2010-ലെ അവാർഡ് ജോയ്സ് തോന്നിയാമലയ്ക്കായിരുന്നു. ജോയ്സിന്റെ ഗാനങ്ങളിലൊന്നിനെ അടിസ്ഥാനമാക്കി ഫ്ളോറിഡ എന്റർടെയ്ൻമെന്റ്സ് നിർമ്മിച്ച 'സാന്റ പറയാത്ത കഥ' എന്ന ടെലിഫിലിം 2013 ആഗസ്റ്റിൽ ഏഷ്യാനെറ്റ് ടെലികാസ്റ്റു ചെയ്തു.

ഹൂസ്റ്റണിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ദ വീക്കെന്റ്ഡ് റിവ്യൂ എന്ന പത്രത്തിന്റെ എക്സിക്യൂട്ടീവ് എഡിറ്റർ കൂടെയായ ജോയ്സ് തോന്നിയാമല ഹാലേലൂയ്യാ പത്രത്തിന്റെ ഓവർസീസ് എഡിറ്ററായും പ്രവർത്തിക്കുന്നു.

ഇപ്പോൾ ഹൂസ്റ്റണിൽ കുടുംബമായി താമസിക്കുന്ന ജോയ്സിന് തുണയായി ഭാര്യ ബ്ലസിയും, പ്രിയ മകൾ അലീനയും കൂടെയുണ്ട്.

പുതുപ്പറമ്പിൽ പി.എ.ജോൺ-സൂസമ്മ ദമ്പതികളുടെ മകനായ ഈ തോന്നിയാമലക്കാരനിൽ നിന്ന് ക്രൈസ്തവ കൈരളിക്ക് ഇനിയുമേറെ പ്രതീക്ഷിക്കാം. സഹോദരൻ ജെയിംസ് ജോൺ അറിയപ്പെടുന്ന ഗായകനും സുവിശേഷകനുമാണ്.



# ഐ.പി.സി.കോൺഫ്രൻസ് രജിസ്ട്രേഷൻ ആരംഭിച്ചു

**ജയിംസ് ടി.സാമുവേൽ** (നാഷണൽ മീഡിയ കോർഡിനേറ്റർ)



ഹ്യൂസ്റ്റൺ: ഹൂസ്റ്റണിൽ നടക്കുന്ന 12-ാമത് നോർത്തമേരിക്കൻ ഐ.പി.സി.ഫാമിലി കോൺഫ്രൻസിന്റെ രജിസ്ട്രേഷൻ കിക്കോഫ് ഓക്കലഹോമ സിറ്റിയിലെ ബിൽറ്റ്മോർ ഓഡിറ്റോറിയത്തിൽ ആഗസ്റ്റ് 31-ന് നടന്നു. 2014 ജൂലൈ 24-27 വരെ നടക്കുന്ന കോൺഫ്രൻസിന്റെ ആദ്യരജിസ്ട്രേഷൻ ഐ.പി.സി.മിഡ്‌വെസ്റ്റ് റീജിയൻ പ്രസിഡന്റ് പാസ്റ്റർ തോമസ് കോശിയിൽ നിന്നും കോൺഫ്രൻസ് കൺവീനർ പാസ്റ്റർ ഏബ്രഹാം കൈതോലിൽ സ്വീകരിച്ചു. അമേരിക്കയിലെ ദൈവജനത്തിന് മറക്കാനാവാത്ത രീതിയിൽ പരിശുദ്ധാത്മാവിന്റെ കവിഞ്ഞൊഴുക്കിന്റെ ദിനങ്ങളാവും കോൺഫ്രൻസ് എന്ന് ഐ.പി.സി.ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ പ്രസ്താവിക്കുകയും, കോൺഫ്രൻസിന്റെ തുടർന്നുള്ള ക്രമീകരണങ്ങൾക്കായി പ്രാർത്ഥിക്കുകയും ചെയ്തു. നാഷണൽ സെക്രട്ടറി രാജു പൊന്നോലിൽ, നാഷണൽ ട്രഷറാർ ചാക്കോ സ്റ്റീഫൻ, യൂത്ത് കോർഡിനേറ്റർ ഏബ്രഹാം മോനിസ് ജോർജ്ജ് എന്നിവർ പങ്കെടുത്തു. ഐ.പി.സി.മിഡ്‌വെസ്റ്റ് റീജിയൻ കൺവൻഷനോടനുബന്ധിച്ചാണ് കിക്കോഫ് ചടങ്ങ് നടന്നത്. നാഷണൽ നേതൃത്വം കൂടാതെ വിവിധ സംസ്ഥാനങ്ങളുടെ പ്രതിനിധികളും ലോക്കൽ കമ്മറ്റിയും അടങ്ങുന്ന ഒരു ടീമാണ് ഹൂസ്റ്റൺ കോൺഫ്രൻസിന് നേതൃത്വം കൊടുക്കുന്നത്. വിവിധ സംസ്ഥാനങ്ങളിലായി വിപുലമായ പ്രമോഷണൽ മീറ്റിംഗുകൾക്ക് ക്രമീകരണങ്ങൾ ചെയ്തു വരുന്നതായി നാഷണൽ മീഡിയ കോർഡിനേറ്റർ ജയിംസ് ടി.സാമുവേൽ അറിയിച്ചു.

## 65-ാമത് റായ്പ്പൂർ കൺവൻഷൻ

റായ്പ്പൂർ (ഛത്തീസ്ഗഡ്): ദി ചർച്ച് ഓഫ് ഗോഡ് റായ്പ്പൂരിന്റെ 65-ാമത് വാർഷിക കൺവൻഷൻ ഒക്ടോബർ 15-20 വരെ ദി ചർച്ച് ഓഫ് ഗോഡ് സമുച്ചയത്തിൽ നടക്കും. 15-ന് സഭാ പ്രസിഡന്റ് പാസ്റ്റർ എം.എസ്.സ്കറിയ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ തോമസ് ജോർജ്ജ്, ഷാജി വർഗീസ് എന്നിവർ പ്രസംഗിക്കും. റവ. വിത്സൻ ജോർജ്ജ് & ടീം ഗാനങ്ങളാലപിക്കും. സൺഡേസ്കൂൾ യുവജനസംഘടനാ വാർഷികവും എബനേസർ ബൈബിൾ കോളജിന്റെ ബിരുദദാന ചടങ്ങും നടക്കും.


SOUL WINNERS INDIA
Bethel Bible College
[Affiliated to IATA & Called to all Nations Ministries (USA)]
GREAT OPPORTUNITY FOR NORTH INDIAN MINISTRIES



Rev. K.G. Easo
Founder and Director





| Course Offered | Duration | Qualification |
| --- | --- | --- |
| 1. Certificate in Theology (C.Th) | 1 year | 10th class |
| 2. Diploma in Theology (Dip.Th) | 2 year | 10th class |
| 3. Bachelor of Theology (B.Th) | 3 Year | Plus Two Pass |

Medium Instruction Local Language + English

OUR FEATURES
- High qualified, experienced and committed faculty
- Growing library
- Spacious and neat dormitory
- Calm and quit campus with spiritual atmosphere
- Daily Spiritual activities
- Free accommodation, Food and study materials
- Weekend outreach ministries to the nearby cities.




For more information and application write to:
The Registrar, SWI Bethel Bible College,
Surana Nagar, Barwaha, MP, Pin: 451115
Ph: 07280-222592, 09981571723, 09926702063




റവ. കെ.ജി. ഈശോയുടെ ആത്മകഥ
സോൾ വിന്നേഴ്സ് ഇൻഡ്യാ സ്ഥാപകനും ഡയറക്ടറുമായ
റവ. കെ. ജി. ഈശോയുടെ സംഭവബഹുലവും
47 വർഷത്തെ വടക്കേ ഇൻഡ്യൻ സുവിശേഷികരണ അനുഭവങ്ങളും
അടങ്ങിയ 'എന്റെ ജീവിതയാത്ര' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു.
കേവലം ആത്മകഥ എന്നതിലുപരി സോൾ വിന്നേഴ്സ് ഇൻഡ്യയുടെ
ഒരു ചരിത്രഗ്രന്ഥം കൂടിയാണ്.
കോപ്പികൾ ആവശ്യമുള്ളവർ ബന്ധപ്പെടുക
Ph: 07280222592,09981571723,09497010138, 9893478488
Email ID : kg.easo@gmail.com

WANTED TEACHERS
Invite application from qualified Teachers for Grace Higher Secondary School, Barwaha
9893478488



KERALA CHRISTIAN ASSEMBLY
TORONTO, CANADA

Established in 1992. Now the largest Malayalee Pentecostal congregation in Canada. We maintained its commitment to its Pentecostal heritage of worshipping Jesus Christ, preaching and teaching the complete biblical truth. Our goal is to be a channel of blessing to our members, our community and to the world at large.

JOIN WITH US FOR:
SUNDAY WORSHIP @ 10.30AM TO 12.45

Other weekly programs: Sunday school -9.30 am -every Sunday.
Cell meeting- 8pm -every Friday
Adult Bible study & Kids Club- 7.30 pm -every saturday,
Our Address: 121 Norfinch Drive Toronto, Ontario, M3N 1W8
Church Phone: 416 739 1513, Email: secretary@keralachristian.com

മദ്ധ്യതിരുവിതാംകൂറിന്റെ വിദേശയാത്രാ
സേവനരംഗത്ത് വർഷങ്ങളുടെ അനുഭവസമ്പത്ത്



- ഡൊമസ്റ്റിക്ക് & ഇന്റർനാഷണൽ എയർ ടിക്കറ്റ്
- അമേരിക്കൻ വിസ പ്രോസസ്സിംഗ്
- കുവൈറ്റ്, ഒമാൻ, യു.എ.ഇ., ഖത്തർ, സൗദി എന്നീ രാജ്യങ്ങളിലേക്ക് വിസിറ്റ് വിസകൾ
- എല്ലാ രാജ്യങ്ങളിലേക്കുമുള്ള ടൂർ പാക്കേജ്.
- പാസ്പോർട്ട്, എമിഗ്രേഷൻ, വിസാ സ്റ്റാമ്പിംഗ്.

അമേരിക്ക വിസിറ്റ് വിസ അപ്പോയിൻമെന്റ്

COSMIC AIR TRAVELS

First Floor, Pothiricans Building
Near KSRTC Bus Stand, Thiruvalla,
Kerala 689 101
Ph: 0469-2700230, 2730320, Mob: 9446456320
Mob: 94470 56320, 9447156320, 9847056320
E-mail: cosmicairtravel@yahoo.com
cosmicairtravel@gmail.com






മലബാറിന് വേണ്ടി പ്രാർത്ഥിക്കുക...

- കേരളത്തിന്റെ പകുതിയോളം വരുന്ന ഭൂവിഭാഗം
- ആറ് ജില്ലകളിലായി ഒന്നര കോടിയിലധികം ജനങ്ങൾ
- ജനസംഖ്യയിൽ ക്രിസ്ത്യാനികളുടെ എണ്ണം അഞ്ചു ശതമാനത്തിൽ താഴെ
- സാമൂഹ്യമായും വിദ്യാഭ്യാസപരമായും ഏറ്റവും പുറകിൽ നിൽക്കുന്ന ആദിവാസികൾ ഉൾപ്പെടെ വിവിധ ജനവിഭാഗങ്ങൾ.

സ്ഥാപക ഡയറക്ടർ
റവ. ഉമ്മൻ എബ്രഹാം

ജനറൽ സെക്രട്ടറി
റവ. കെ.ടി. മാത്യു

ഇവർ നമ്മുടെ സഹോദരങ്ങളാണ്. നമ്മുടെ ഭാഷ സംസാരിക്കുന്നവരാണ്. മലബാറിൽ യേശുവിന്റെ സ്നേഹം പകർന്നു നൽകുവാൻ പ്രതിജ്ഞാബദ്ധരായി ഒരു മുന്നണി സുവിശേഷീകരണ പ്രസ്ഥാനം

ഫുൾ ഗോസ്പൽ പെന്തെക്കോസ്തൽ ചർച്ച് ഓഫ് ഇന്ത്യാ

മലബാറിലും തമിഴ്നാട്ടിലുമായി 25 ലോക്കൽ സഭകൾ–
ഈ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
പാസ്റ്റർ രാജൻ മാത്യു–പ്രസിഡന്റ് – 98479 32111
പാസ്റ്റർ കെ.കെ.തങ്കച്ചൻ–സെക്രട്ടറി 9961319517

email: oabraham44@yahoo.com / ktmathew@gmail.com

അനുഭവ സാക്ഷ്യം

# വിമോചിതനായ പാസ്റ്റർ എസ്.വിജയകുമാർ



തിരുവനന്തപുരം ജില്ലയിൽ പെരുകാവ് മാവുവിള വീട്ടിൽ സ്റ്റീഫൺസൺ-കമലം എന്നിവരുടെ രണ്ടാമത്തെ മകനായി വിജയകുമാർ എന്ന ഞാൻ ജനിച്ചു. എന്റെ പിതാവിന് ഒരു കണ്ണിന് കാഴ്ചയും ഒരു കാലിന് സ്വാധീനവും ഇല്ലായിരുന്നതുകൊണ്ട് ജോലിക്ക് പോകുവാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് തന്നെ കുടുംബത്തിൽ വളരെ ഞെരുക്കമായിരുന്നു. അമ്മയുടെ കുടുംബം സ്വന്തമായി ക്ഷേത്രം വച്ച്, കെടുതി കൊടുത്ത് ജീവിക്കുന്നവരായിരുന്നു. കത്തോലിക്ക സഭാംഗമായിരുന്ന പിതാവ് എന്റെ മാതാവിനെ വിവാഹം കഴിച്ചു. ഞാനുൾപ്പെടെ നാലു മക്കളെ ദൈവം അവർക്ക് കൊടുത്തു. ഒരാൾ ചെറുപ്രായത്തിൽ തന്നെ മരിച്ചു പോയി. അമ്മയുടെ അമ്മയുടെ നിർദ്ദേശപ്രകാരം ഞങ്ങൾ മൂന്നു മക്കളും ക്ഷേത്രത്തിൽ പോകുകയും പൊങ്കാല ഇടുകയും ചെയ്തിരുന്നു. ചെറുപ്രായത്തിൽ ഒരിക്കൽ ന്യൂമോണിയാ ബാധിച്ച് രക്തവും പഴുപ്പും ഛർദ്ദിച്ച് മരണത്തിന്റെ വക്കോളം ഞാനെത്തിയെങ്കിലും രോഗസൗഖ്യം ലഭിച്ചതിനെത്തുടർന്ന് അപ്പച്ചന്റെ അമ്മയുടെ നിർബ്ബന്ധത്താൽ പള്ളിയിൽ സൺഡേസ്കൂളിന് പോയിത്തുടങ്ങി. പിന്നീട് പള്ളിയിൽ നിന്ന് കിട്ടുന്ന സമ്മാനങ്ങൾക്ക് വേണ്ടി ഒരു ഞായാറാഴ്ച തന്നെ പല പള്ളികളിലും സൺഡേസ്കൂളിനായി പോയി. സൺഡേസ്കൂൾ വിദ്യാർത്ഥിയായിരിക്കേ ഒരു ബ്രദറൺ സഭയിൽ വച്ച് ഞാൻ രക്ഷിക്കപ്പെട്ടു.

ഭവനത്തിന്റെ അടുത്തുള്ള പെന്തെക്കോസ്ത് സഭയിൽ ശനിയാഴ്ച ദിവസം നടക്കുന്ന കാത്തിരുപ്പുയോഗത്തിൽ പങ്കെടുക്കുവാൻ വീട്ടിൽ നിന്ന് കളവു പറഞ്ഞ് ഞാൻ പോകുമായിരുന്നു. അവിടെ വച്ച് ഞാൻ അഭിഷേകം പ്രാപിച്ചു.

എസ്.എസ്.എൽ.സി വരെ പഠിച്ച ശേഷം ചെറിയ പണികൾചെയ്ത് വരുമാന മാർഗ്ഗം കണ്ടെത്തി. ഈ സമയത്താണ് സഹോദരിക്ക് ഒരുകത്തോലിക്കാ കുടുംബത്തിൽ നിന്നും വിവാഹം നടന്നത്. സ്ത്രീധനമായി കൊടുക്കുവാൻ ഒന്നും ഞങ്ങൾക്കുണ്ടായിരുന്നില്ല. പയ്യന്റെ പിതാവ് ഒരു മാന്ത്രികനായിരുന്നു. ഭർതൃപിതാവ് പണത്തിന് വേണ്ടി സ്ഥിരമായി വഴക്കുണ്ടാക്കിത്തുടങ്ങിയ സന്ദർഭത്തിൽ എന്റെ സഹോദരി ഒരു സി.എസ്.ഐ പള്ളിയിൽ പോയി പ്രാർത്ഥിക്കുവാൻ തുടങ്ങി. എന്റെ മാതാപിതാക്കൾ എന്നോടും ഒരു സി.എസ്.ഐ.പള്ളിയിൽ പോയി സ്നാനപ്പെട്ട് ആഭരണം വാങ്ങി വിവാഹംകഴിക്കണം എന്ന് പറഞ്ഞു. ഞാൻ എന്റെ മാതാപിതാക്കളുടെ മാത്രം വാക്കനുസരിച്ച് ജീവിക്കുന്ന വ്യക്തി ആയിരുന്നതിനാൽ അവരുടെ വാക്കുകൾ അനുസരിക്കുവാൻ തീരുമാനിച്ചു. അച്ചന്റെ നിർദ്ദേശപ്രകാരം ഞാൻ മൂന്നാഴ്ചത്തെ സ്നാന ക്ലാസിന് ശേഷം 23-ാമത്തെ വയസ്സിൽ സ്നാനമേറ്റു. മടക്കയാത്രയിൽ മകനെ നീ ആഭരണം ഇട്ട് വിവാഹം കഴിഞ്ഞ് വരുമ്പോൾ കാർ ആക്സിഡന്റ് മുഖേന ഞാൻ നിന്റെ ജീവനെ എടുത്താൽ നീ വാങ്ങിയ ആഭരണം എന്തു ചെയ്യുമെന്നുള്ള ശബ്ദം മൂന്നു പ്രാവശ്യം ഞാൻ കേട്ടു. പരിശുദ്ധാത്മാവിന്റെ ശബ്ദം എന്ന് തിരിച്ചറിഞ്ഞ ഞാൻ ദൈവത്തോട് ക്ഷമപറഞ്ഞ് ദൈവത്തിനായി നില്ക്കുവാൻ തീരുമാനമെടുത്തെങ്കിലും ഈ സംഭവം ഞാനാരോടും പറഞ്ഞില്ല.

പെട്ടന്നൊരു ദിവസം എന്റെ സഹോദരി ഒരു പൈശാചിക ബാധയാൽ പിടിപെട്ടു. ഭയങ്കരമായ ആട്ടവും തുള്ളലും ഇറങ്ങിയോട്ടവും ഒക്കെയായി. പ്രാർത്ഥിക്കുവാൻ വരുന്നവരുടെ ജനനം മുതൽ അന്നു വരെയുള്ള കാര്യങ്ങൾ വിളിച്ചു പറയും. അതു കൊണ്ട് ആരും പ്രാർത്ഥനക്ക് വരാതെയായി. അച്ചന്മാരുടെ അടുത്തും മാന്ത്രികരുടെ അടുത്തും കൊണ്ടു പോയെങ്കിലും രോഗം കൂടിയതു മാത്രമായിരുന്നു ഫലം. അസുഖം കൂടി മൂന്നു പ്രാവശ്യം കയർ എടുത്തുകൊണ്ട് തൂങ്ങി മരിക്കുവാൻ ഓടി. 4 പ്രാവശ്യം കിണറ്റിൽ ചാടി മരിക്കുവാൻ ശ്രമിച്ചു.

ഞാൻ കൂലിപ്പണിക്ക് പോയിരുന്ന ഒരു ദിവസം ഉച്ചക്ക് കഞ്ഞി കുടിക്കുവാൻ വന്നപ്പോൾ സഹോദരിയുടെ വീട്ടിൽ നിന്ന് ഭയങ്കരമായ ഒരു ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. ഞാൻ സഹോദരിയെ തിരിച്ച് എന്റെ വീട്ടിൽ കൊണ്ടു വന്ന് വിട്ട ശേഷം ജോലിക്ക് വീണ്ടും പോയി. വൈകുന്നേരം വന്ന് വളരെ വേദനയോടെ മുട്ടു മടക്കി ദൈവത്തോട് കരഞ്ഞു പ്രാർത്ഥിക്കുവാൻ തുടങ്ങി. അന്യഭാഷയിൽ ആരാധിച്ചു കൊണ്ടിരിക്കുമ്പോൾ സഹോദരിക്ക് സംസാരിക്കുവാൻ കഴിയുന്നില്ലെന്ന് ആംഗ്യം കാട്ടി. ഒരു ഗ്ലാസ് വെള്ളമെടുത്ത് പ്രാർത്ഥിച്ചു കൊടുത്ത ശേഷം പിന്നെയും പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ഇരുപത് മിനിറ്റ് കഴിഞ്ഞപ്പോൾ സഹോദരി ഛർദ്ദിക്കുവാൻ തുടങ്ങി. അതിനെത്തുടർന്ന് നാവിന്റെ കെട്ടഴിഞ്ഞു. ഈ ശരീരത്തിൽ നിന്ന് വിട്ടു മാറണം എന്ന് ഭൂതത്തോട് ആവശ്യപ്പെട്ടപ്പോൾ ജീവനും കൊണ്ടേ പോകുകയുള്ളു എന്ന് മറുപടി നൽകി. യേശുവിന്റെ നാമത്തിൽ വിട്ടുപോകുവാൻ പറഞ്ഞപ്പോൾ ദൈവം സഹോദരിക്ക് പൂർണ്ണസൗഖ്യം നൽകി. ഇന്ന് എന്റെ സഹോദരിയും കുടുംബവും സന്തോഷത്തോടെ ജീവിക്കുന്നു.

ഈ സംഭവത്തെത്തുടർന്ന് എന്റെ അമ്മയും എന്നോടൊപ്പം പെന്തെക്കോസ്ത് സഭയിൽ (1989-ൽ) പാസ്റ്റർ റ്റി.കെ.ചെറിയാന്റെ കീഴിൽ സ്നാനമേറ്റു. പിന്നീട് അനുജനും സ്നാനപ്പെട്ടു. 25-ാമത്തെ വയസിൽ ഒരു പെന്തെക്കോസ്ത് സഹോദരിയെ വിവാഹം കഴിച്ചു. ഞങ്ങൾക്ക് രണ്ട് മക്കളുണ്ട്. ഈ അനുഭവങ്ങളെല്ലാമുണ്ടായിട്ടും പിതാവ് പള്ളിയിൽ വരികയോ ദൈവത്തെ ആരാധിക്കുകയോ ചെയ്തിരുന്നില്ല. എന്റെ അമ്മയ്ക്കുണ്ടായ നെഞ്ചുവേദനക്ക് പ്രാർത്ഥനയാൽ സൗഖ്യം ലഭിച്ചതിനെത്തുടർന്ന് പിതാവും യേശുവിനെ കണ്ടു മുട്ടി.

തുടർന്നും പല ശോധനകളിലൂടെ ദൈവം എന്നെ കടത്തി വിട്ടു. എനിക്ക് കഠിനമായ എലിപ്പനിയും ജന്നിയും ഒരു പോലെ ബാധിച്ച് മരണാസന്നനായി തിരുവനന്തപുരം മെഡിക്കൽ കോളജിൽ പ്രവേശിപ്പിക്കപ്പെട്ടു. അവിടെ വച്ച് ഈ രോഗം മരണത്തിനല്ല എന്ന ദൈവീക ദർശനവും പൂർണ്ണമായ രോഗസൗഖ്യവും ദൈവം നൽകി. ഇപ്പോൾ 9 വർഷമായി മലബാറിൽ പൂർണ്ണമായി കർത്താവിന്റെ വേല ചെയ്യുകയും, ചർച്ച് ഓഫ് ഗോഡ് സഭയോട് ചേർന്ന് പാലാട് ദൈവസഭയിൽ ആയിരിക്കുകയും ചെയ്യുന്നു. ഫോൺ: 9447537653

## ജീവൻശ്രീ ടി.വി ക്ലബ്

ഇടുക്കി: ഗ്രേസ് ഗോസ്പൽ മീഡിയാ കോട്ടയത്തിന്റെ ആഭിമുഖ്യത്തിൽ ഇടുക്കി ജില്ലയിൽ ആരംഭിച്ചിരിക്കുന്ന ജീവൻശ്രീ എന്ന ടി.വി.ക്ലബിൽ അംഗങ്ങളാകുന്ന കുട്ടികളുടെ പ്രോഗ്രാമുകൾ ഇടുക്കി വിഷൻ, ഫെസ്റ്റൂൺ എന്നീ ചാനലുകളിലൂടെ ഞായറാഴ്ച വൈകുന്നേരം 6.30-7.30 വരെയും തിങ്കളാഴ്ച രാവിലെ 6.30-7.30 വരെയും സൗജന്യമായി സംപ്രേഷണം ചെയ്യും. കുട്ടികൾക്കായി പഠനശിബിരങ്ങൾ ദൃശ്യ-മാധ്യമ സഹായത്തോടെ നടത്തുന്നു.

## കോസ്റ്റൽ മിഷൻ ബോർഡ് പ്രവർത്തനോദ്ഘാടനം

കൊല്ലം: ഐ.പി.സി.കേരളാ സ്റ്റേറ്റ് കോസ്റ്റൽ മിഷൻ ബോർഡ് പ്രവർത്തനോദ്ഘാടനം സെപ്തംബർ 28-ന് ഐ.പി.സി. ചിന്നക്കട ബഥേൽ ചർച്ചിൽ നടന്നു. പാസ്റ്റർ ജോൺ റിച്ചാർഡ് അധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ കെ.സി.തോമസ് ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർ ഫിലിപ്പ് പി.തോമസ് മുഖ്യസന്ദേശം നൽകി. പാസ്റ്റർ രാജു പൂവക്കാല, പാസ്റ്റർ ഷിബു നെടുവേലിൽ. എൽ. കെ.റോയ്, സണ്ണി മുളമൂട്ടിൽ, സുധി ഏബ്രഹാം എന്നിവർ ആശംസ അറിയിച്ചു.

## ഇംഗ്ലീഷ് ആരാധന

കുമ്പനാട്: കുമ്പനാട് പടിഞ്ഞാറേ കവലയിൽ ന്യൂ ജെറുസലേം ചർച്ചിൽ എല്ലാ ഞായറാഴ്ചയും വൈകുന്നേരം 6-8 വരെ ഇംഗ്ലീഷ് ആരാധന നടന്നു വരുന്നു. താത്പര്യമുള്ളവർക്ക് സഭാ വ്യത്യാസമില്ലാതെ പങ്കെടുക്കാം.

## തിരഞ്ഞെടുത്തു

ചെന്നൈ: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ചെന്നൈ സെന്റർ ഡിസ്ട്രിക്ട് കൗൺസിൽ ഭാരവാഹികളായി പാസ്റ്റർ സാമുവേൽ സി.വർഗീസ് (പ്രസിഡന്റ്), പാസ്റ്റർ ജോസ് പ്രസാദ് (വൈസ് പ്രസിഡന്റ്), പാസ്റ്റർ എസ്.ജോൺ (സെക്രട്ടറി), ഇവാ.കെ.എം. കോശി (ജോ.സെക്രട്ടറി), ഇവാ.പി.എഫ്.ജോർജ്ജ് (ട്രഷറാർ), വർഗീസ് തോമസ് (പബ്ലിസിറ്റി കൺവീനർ) എന്നിവരെ തിരഞ്ഞെടുത്തു.

## സുവിശേഷ റാലി

വിളയംകോട്: ഐ.പി.സി.സൺഡേസ്കൂൾ സണ്ടേയോടനുബന്ധിച്ച് വിളയംകോട് യൂണിറ്റിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 11-ന് സുവിശേഷറാലിയും പരസ്യയോഗവും നടത്തി. പാസ്റ്റർ ഷാജി കുമ്പളപ്പള്ളിൽ പ്രസംഗിച്ചു. അനീഷ് പി.ഡേവിഡ് അധ്യക്ഷത വഹിച്ചു. പി.പി.ബേബി, നിധീഷ് ജോൺ, മാത്യു കെ.ബേബി, പീറ്റർ ജോസഫ് തുടങ്ങിയവർ നേതൃത്വം നൽകി.

## ഏകദിന കൺവൻഷൻ

വിളയംകോട്: ഐ.പി.സി.വിളയംകോട് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ 20-ന് ഫിലദൽഫ്യാ ഗ്രൗണ്ടിൽ കൺവൻഷൻ നടക്കും. പാസ്റ്റർ ഷാജി കുമ്പളപ്പള്ളിൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ഷാജു സി.ജോസഫ് കോതമംഗലം പ്രസംഗിക്കും.

## ഏകദിന സമ്മേളനം

കാസർഗോഡ്: ഐപിസി. ഹോസ്ത് ദുർഗ്ഗ് ഏരിയാ പിവൈപിഎയുടെ ഏകദിന ക്യാമ്പ് ആഗസ്റ്റ് 28ന് ഐപിസി. അരി പ്രോഡ് ചർച്ചിൽ നടന്നു. പാസ്റ്റർ ജോയി പോൾ ഒപി. ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സാം പനച്ചയിൽ കുമ്പനാട് മുഖ്യ പ്രഭാഷണം നടത്തി. പാസ്റ്റർമാരായ ബ്ലസൻ, സാമുവേൽ മാത്യു, ബ്ലെസൻ ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

## സുവിശേഷ പ്രവർത്തനം

വിഴിഞ്ഞം: ഐ.പി.സി.വിഴിഞ്ഞം ഏര്യാ ഇവാഞ്ചലിസം ഡിപ്പാർട്ട്മെന്റിന്റെ ഏര്യാ പ്രവർത്തനം ഇവാ.ദിലീപ് കുമാറിന്റെ നേതൃത്വത്തിൽ വിവിധ സഭകളിലെ ശുശ്രൂഷകന്മാരെ ഉൾപ്പെടുത്തിക്കൊണ്ട് നടന്നു.

## സോദരീസമാജം

വിഴിഞ്ഞം: ഐ.പി.സി.വിഴിഞ്ഞം ഏര്യാ സോദരീ സമാജത്തിന്റെ മീറ്റിംഗ് പ്രസിഡന്റ് ലിസി ജോൺസന്റെ അധ്യക്ഷതയിൽ ഐ.പി.സി.പാങ്ങ‌മ്പാറ സഭയിൽ നടന്നു. വിഴിഞ്ഞം ഏരിയാ പ്രസിഡന്റ് പാസ്റ്റർ പി.എം. ജോൺസൺ മുഖ്യസന്ദേശം നൽകി.

## പുതിയ പ്രവർത്തനം

ഈറോഡ്: ഐ.പി.സി.ബഥേൽ വർഷിപ്പ് സെന്റർ ശാലേം സഭയുടെ ഔട്ട്സ്റ്റേഷൻ പ്രവർത്തനമായി ഒരു പുതിയ പ്രവർത്തനം ഈറോഡിൽ ആരംഭിച്ചു. പാസ്റ്റർ ജോവാബ് ജോൺ ഇവിടെ പ്രവർത്തിക്കുന്നു. മലയാളം, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ ആരാധന നടന്നു വരുന്നു. ജോലിക്കും പഠനത്തിനും വരുന്നവർ ബന്ധപ്പെടുക. 9944613958

## യൂത്ത് ക്യാമ്പ് 2013

കുന്നുംകുളം: ഐ.പി.സി. സെന്റർ പിവൈപിഎ.യുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 16-17 വരെ കുന്നംകുളം ഗുരുവായൂർ റോഡിലുള്ള സി.എം.എസ്. സ്കൂളിൽ യൂത്ത് ക്യാമ്പ് നടന്നു. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ റ്റി.ജെ. ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പി.വൈ.പി.എ പ്രസിഡന്റ് പാസ്റ്റർ എം.സി.ബിജു അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ സാം പനച്ചയിൽ മുഖ്യ പ്രസംഗകനായിരുന്നു. പി.യു.ഷിജു വിഷയാവതരണം നടത്തി.

## സത്യഗ്രന്ഥം പ്രകാശനം

മുളക്കുഴ: വേദപുസ്തകം സംബന്ധിച്ച് സമ്പൂർണ്ണവിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് പ്രസിദ്ധീകരിക്കുന്ന സത്യഗ്രന്ഥം സമ്പൂർണ്ണ ബൈബിൾ എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം മുളക്കുഴയിൽ നടക്കും. കുക്ക് ആഗമന ശതാബ്ദി സമ്മേളനത്തിൽ കേരളാ ഗവർണർ ആയിരിക്കും പ്രകാശനം നിർവ്വഹിക്കുന്നത്.


അത്ഭുതകരമായ ദൈവിക വിടുതൽ
പ്രയർസെന്റർ 24 hours
നിങ്ങൾ അനുഭവിക്കുന്ന ഏത് പ്രശ്നങ്ങൾക്കും ദൈവാത്മാവിന്റെ ആലോചനപ്രകാരം പ്രാർത്ഥിച്ച്, അത്ഭുത വിടുതലുകൾ ദൈവം നൽകുന്നു. നിങ്ങളുടെ കുടുംബത്തിന്റെ പ്രാർത്ഥനാ വിഷയങ്ങൾക്കും ബന്ധപ്പെടുക.
Nigil Varghese, Sharon Gospel Ministries, ARA Complex,
Kuttippady Junction, Mannanam, Kottayam-686 501
Mobile No.9605829827, 9946459441, 9747492830,



MANASA COLLEGE OF NURSING
(Approved by INC & KNC and Affiliated to RGUHS Banglore)
Hosur Main Road, Malur, Bangalore
B.Sc. (N) | Gen. (N)
P.C. B.Sc.(N) | M.Sc.(N)
Own Hospital & examination Centre
Walkable distance from railway station &
Bus station. 30 minutes drive from Airport
Fees in installments, Eminent faculty
കേരളത്തിലെ ഏക ഇൻഫർമേഷൻ സെന്റർ

SAY എഴുതിയവർക്കും അപേക്ഷിക്കാം
College Information Centre
1st Floor, Amprayil Bldgs,
YMCA Jn. THIRUVALLA
Ph: 0469-2620999, 2606002
Call @ 9947963438
9847170530



ചെന്നൈ പോരൂരിലേക്ക് സ്വാഗതം
ആത്മീയ ആരാധന
I.P.C.BETHEL ASSEMBLY PORUR
Samayapuram, 7th Street, 15/2 Canara Bank Road
മലയാളം ആരാധനക്കും, പ്രാർത്ഥനാവശ്യങ്ങൾക്കും, കൗൺസലിംഗ്, ബൈബിൾ സ്റ്റഡി മുതലായവക്ക് വിളിക്കുക.
Near Sri Ramachandra Medical College & Miot Hospital
Time: ആരാധന: 9AM - 11.30AM
സണ്ടേസ്കൂൾ: 8.15 AM to 9AM
For more details: 07305869434, 07200005325, 08056037717

# സ്വാതന്ത്ര്യദിന യാത്ര



വിളയംകോട്: പി.വൈ.പി.എ.വിളയം കോട് യൂണിറ്റിന്റെ ചുമതലയിൽ ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യദിന റാലി നടത്തി. സെന്റർ മിനിസ്റ്റർ പാസ്റ്റർ സുരേഷ് കീഴൂർ ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ഷാജി കുമ്പളപ്പള്ളിൽ, സുനിൽ വേട്ടമല, കെ.റ്റി.ബാബു, പി.പി.ചാക്കോ, വി. എം.സാമുവേൽ, സാമുവേൽ പി.ചാക്കോ, എം.ജെ.ബാബു, കെ.ബേബി, സഹോദരന്മാരായ ജേക്കബ് ജോസഫ് (പോലീസ് ഓഫീസർ), ഫെബിൻ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. അനീഷ് പി.ഡേവിഡ്, സാബു ജോൺ, മാത്യു കെ.ബേബി, സിൽവിസ്റ്റർ പി, സാജു റ്റി.ജോൺ, സാബു ചാക്കോ എന്നിവർ നേതൃത്വം നൽകി.

# സൺഡേസ്കൂൾ & യൂത്ത് ഫെലോഷിപ്പ് ജനറൽ ക്യാമ്പ്



പായിപ്പാട്: ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരിയിൽ സെപ്തംബർ 16-19 വരെ നടന്ന സൺഡേസ്കൂൾ & യൂത്ത് ഫെലോഷിപ്പ് ജനറൽ ക്യാമ്പ് റവ.തോമസ് ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. വിവിധ സെക്ഷനുകളിലായി ഡോ.ജെയ്സൺ തോമസ്, റവ.സി. ഡി.ഷാജി, റവ.വി.സി.യോഹന്നാൻ, പാസ്റ്റർമാരായ റ്റി. ഡി. ബാബു, വി. പി.ഫിലിപ്പ്, കെ.തോമസ് മാത്യു, രാജു ആനിക്കാട്, ഡോ.മേരി വർഗീസ്, അനു ബിനു എന്നിവർ ക്ലാസെടുത്തു. ചിൽഡ്രൻസ് ഫെസ്റ്റ്, വേദപഠനം, ചർച്ച, കൗൺസലിംഗ്, പപ്പറ്റ് ഷോ, ഗെയിംസ്, അവാർഡ് വിതരണം എന്നിവ നടന്നു. എസ്.എസ്.എൽ.സി-പ്ലസ് ടു പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് അവാർഡ് നൽകി.300 വിദ്യാർത്ഥികൾ ക്യാമ്പിൽ സംബന്ധിച്ചു. പാസ്റ്റർമാരായ സി.കെ.വിജയൻ, ജെ. യേശുദാസ് എന്നിവർ നേതൃത്വം വഹിച്ചു.


## "പണ്ടൊക്കെ നമ്മൾ ഒരു കുടക്കീഴിലേ പള്ളിയിൽ പോകാറുള്ളൂ !!"

**ഇപ്പോഴോ?...** ഒരിക്കൽ ഊഷ്മളമായിരുന്ന സ്നേഹബന്ധം തണുത്താറി തുടങ്ങിയോ? വിവാഹമോചനമോ? കോടതിയിലേക്കോ?

കാര്യങ്ങൾ കുടുതൽ വഷളാകുന്നതിനുമുമ്പേ ശ്രദ്ധിക്കുക - "ഭാര്യാഭർതൃ ബന്ധം." അമേരിക്കയിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ സ്റ്റേറ്റ് യൂണിവേഴ്സിറ്റി പ്രൊഫസറായ ഏഴംകുളം സാംകുട്ടിയുടെ ഹൃദയസ്പർശിയായ പ്രഭാഷണം. ജാതിമത വ്യത്യാസമില്ലാതെ ദമ്പതികളെ 'ആദ്യസ്നേഹ'ത്തിലേക്കു തിരിച്ചുവിട്ടുകൊണ്ടിരിക്കുന്ന സന്ദേശം (57 മിനിട്ട്). വിവാഹ സമ്മാനമായി നൽകാൻ പറ്റിയ സി.ഡി. സി.ഡി.യും (തപാൽ ഉൾപ്പെടെ Rs 85), ഡോ. സാംകുട്ടിയുടെ



'ഭയപ്പെടേണ്ട: പ്രശ്നങ്ങൾക്കു പരിഹാരമുണ്ട്' എന്ന ഗ്രന്ഥവും (Rs 60) അദ്ദേഹത്തിന്റെ ഭക്തിഗാന സമാഹാര സി.ഡി.യും (Rs 85), ഗാനങ്ങളും അവയുടെ English transliteration നും translation നും ഉൾപ്പെടുത്തിയ പാട്ടുപുസ്തകവും (Rs 40) ആവശ്യപ്പെടുക: ദീപ്തി പബ്ലിക്കേഷൻസ്, പ്ലാന്തോട്ടം കോംപ്ളക്സ്, തിരുവല്ല. 0469- 2634321.

- പ്രഭാഷണം താഴെ പറയുന്ന വെബ്സൈറ്റുകളിൽ കേൾക്കാം: vsquaretv.com, godsownlanguage.com, mgmministry.org, godsownmanna.com, yourlivingmanna.com, ourjesuslives.org, gmnewsonline.com, malayaleechristian.net, powervisiontv.com, thoolika.tv, probodhanamtv.com, ezhamkulamsamkutty.com (ഗൂഗിൾ സേർച്ച് "Husband - Wife Relationship/Ezhamkulam Samkutty.")
- ഡോ. സാംകുട്ടിയുടെ പരിപാടികൾ: ഒക്ടോ 19, 2013, ശനി 6:30 pm, ശുഭയാത്ര ഐക്യപെന്തക്കോസ്ത് ഉപവാസപ്രാർത്ഥന, അംബേദ്കർ ഭവൻ ഗ്രൗണ്ട്, റാണി ഝാൻസി മാർഗ്, വീഡിയോ കോൺ ടവ്വറിനു സമീപം, ന്യൂഡൽഹി. പ്രഭാഷണ വിഷയം: "ശരീരാത്മദേഹികൾക്കു വിടുതൽ നൽകുന്ന യേശുക്രിസ്തു". ഫെബ്രു 8 ശനി 2014, 6:30 pm, കരിസ്മ ക്രുസേഡ്, ഐ.പി.സി. പ്രയർ സെന്റർ, തിരുവല്ല.

പരിപാടികൾ അതതു പ്രോഗ്രാമിന്റെ പിറ്റേ ദിവസം മുതൽ vsquaretv.com വെബിൽ കേൾക്കാം.


## അദ്ധ്യാപക പരിശീലന ക്യാമ്പ്

മുണ്ടക്കയം: ഐ.പി.സി.പാറത്തോട് സെന്റർ സൺഡേസ്കൂൾ അദ്ധ്യാപക പരിശീലന ക്യാമ്പ് മുണ്ടക്കയം ഐ.പി.സി.ഗ്രേസ് സെന്ററിൽ സെപ്തംബർ 8-ന് നടന്നു. പ്രവർത്തനോദ്ഘാടനവും പരിശീലന ക്ലാസും ഡയറക്ടർ കുര്യൻ ജോസഫ് നിർവഹിച്ചു. സെന്റർ സൂപ്രണ്ട് പാസ്റ്റർ എം.കെ.ശശിധരൻ ക്ലാസുകൾ നയിച്ചു. സെന്റർ മിനിസ്റ്റർ പാസ്റ്റർ മാത്യു പി.ഡേവിഡ്, കോട്ടയം സോണൽ ട്രഷറാർ സാം സ്കറിയാ, മറ്റു ഭാരവാഹികൾ, കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ ആശംസ അറിയിച്ച് സംസാരിച്ചു. പാസ്റ്റർ സാംകുട്ടി ജയിംസ് അദ്ധ്യക്ഷത വഹിച്ചു. അദ്ധ്യാപകർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## വൈ.പി.സി.എ. ജനറൽ ക്യാമ്പ്

ചിങ്ങവനം: ന്യൂ ഇന്ത്യാ ദൈവസഭ യുവജനവിഭാഗം വൈപിസിഎയുടെ ജനറൽ ക്യാമ്പ് സെപ്തംബർ 16-18 വരെ മാവേലിക്കര ഐഇഎംക്യാമ്പ് സെന്ററിൽ നടന്നു. 1300-ലധികം യുവജനങ്ങൾ പങ്കെടുത്തു. പാസ്റ്റർ വി. എ.തമ്പി സമാപനസന്ദേശം നൽകി. ഡോ.ഡാനിയേൽ ജോൺസൺ, ഡോ.സജി ഫിലിപ്പ്, പാസ്റ്റർ റജി കെ. തോമസ്, സിസ്റ്റർ ഗ്രേസ് ലാൽ, ഇവാ.കോർണൽ നാഥൻ, പാസ്റ്റർ ബിനു തമ്പി, പാസ്റ്റർ മാർട്ടിൻ ഫിലിപ്പ്, പാസ്റ്റർ സൈലസ് മാത്യു, പാസ്റ്റർ അനീഷ് തോമസ്, പാസ്റ്റർ പ്രിൻസ് തോമസ് എന്നിവർ നേതൃത്വം നൽകി. മ്യൂസിക് നൈറ്റിന് ഇമ്മാനുവേൽ ഹെൻട്രി, പ്രിൻസ് മുള്ള, ചിക്കു കുര്യാക്കോസ്, ജിജി സാം എന്നിവർ നേതൃത്വം നൽകി. ലോർഡ്സൺ& ടീം ആരാധനക്ക് നേതൃത്വം നൽകി.

## എക്സൽ വിബിഎസ് ചിന്താവിഷയം

തിരുവല്ല: എക്സൽ വിബിഎസ് 2014 ലേക്കുള്ള ചിന്താവിഷയമായ 'നക്ഷത്രങ്ങൾ' അടിസ്ഥാനപ്പെടുത്തി മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട, എന്നീ ഭാഷകളിലുള്ള സിലബസുകൾ തയാറായി വരുന്നു. ഇന്ത്യയിലും വിദേശരാജ്യങ്ങളിലും 3500 ൽ അധികം വി.ബിഎസ് കളും യുവജനക്യാമ്പുകളും നടക്കും. വിവിധ ചർച്ചുകൾ 100 ൽ അധികം ഡയറക്ടേഴ്സ് പരിശീലനങ്ങൾക്ക് നേതൃത്വം നൽകും.

## യൂത്ത് ചലഞ്ച് ക്യാമ്പ്

പത്തനംതിട്ട: ഐപിസി.സെന്റർ സണ്ടേസ്ക്കൂളിന്റെയും പി. വൈപിഎ. യുടെയും സംയുക്താഭിമുഖ്യത്തിൽ യൂത്ത് ചലഞ്ച് ക്യാമ്പ് സെപ്റ്റം.18-20 വരെ കുമ്പനാട് മുട്ടുമണ്ണിൽ നടന്നു. പാസ്റ്റർ പിപി. മാത്യു ഉദ്ഘാടനം ചെയ്തു. പാസ്റ്റർ രാജു ജോൺ അദ്ധ്യക്ഷത വഹിച്ചു. സജി ഫിലിപ്പ് തിരുവഞ്ചൂർ തീം അവതരിപ്പിച്ചു. ഡോ. പോൾ മാത്യൂസ് (ഉദയപൂർ) മുഖ്യാതിഥി ആയിരുന്നു. പാസ്റ്റർമാരായ വിത്സൺ ജോസഫ്, ജയിംസ് ജോർജ്ജ് വെൺമണി, പി.സി. ചെറിയാൻ എം.കെ. സ്കറിയ, സാം പനച്ചയിൽ, ബ്രദർ. ഷാജൻ ജോൺ ഇടയ്ക്കാട് എന്നിവർ ക്ലാസുകൾ നയിച്ചു. പാസ്റ്റർ ബിനു കൊന്നപ്പാറ, മോൻസി സാം, ജോസ് ശാമുവേൽ, ജോർജ്ജ് ജേയി, സുബിൻ വർഗീസ് എന്നിവർ നേതൃത്വം നൽകി.

## തിരുവട്ടാർ രണ്ടാം പതിപ്പ്

അങ്കമാലി: പ്രേഷിത രംഗത്ത് അൻപത് വർഷം പിന്നിട്ട സുപ്രസിദ്ധ സുവിശേഷ പ്രഭാഷകനും, ഗ്രന്ഥകാരനും ഗവേഷകനുമായ തിരുവട്ടാർ ആർ കൃഷ്ണൻകുട്ടിയോടുള്ള ബഹുമാനാർത്ഥം ബ്രദറൺ എക്കോ പ്രസിദ്ധീകരിച്ച തിരുവട്ടാർ എന്ന ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രണ്ടാം പതിപ്പ് പുറത്തിറക്കി. അഭിമുഖം, വിശകലനം, 141 പേരുടെ ഓർമ്മക്കുറിപ്പുകൾ, നാല് അർദ്ധരാത്രികൾ എന്ന പ്രസംഗം പൂർണ്ണരൂപത്തിൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.



തിരുവല്ല ഐ.പി.സി.പ്രെയർ സെന്റർ സഭയുടെ കരിസ്മാ കൺവൻഷൻ പാസ്റ്റർ രാജു പൂവക്കാല ഉദ്ഘാടനം ചെയ്യുന്നു.

# ബഥേൽ ബൈബിൾ കോളജ് സിൽവർ ജൂബിലി ഉദ്ഘാടനം

ചണ്ഡിഗഡ്: ഇന്ത്യാ ദൈവസഭ നോർത്തേൺ റീജിയന്റെ ചുമതലയിൽ ചണ്ഡിഗഡ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ബഥേൽ ബൈബിൾ കോളജ് സിൽവർ ജൂബിലി ആഘോഷം നവംബർ 21-ന് നടക്കും. 1974-ൽ റവ.സാമുവേൽ ജോൺ ഒരു ഹൃസ്വകാല ബൈബിൾ കോഴ്സായി ആരംഭിച്ച ഈ സ്ഥാപനം 1988-ലാണ് ബൈബിൾ കോളജായി ഉയർത്തപ്പെട്ടത്. ദൈവസഭാ വേൾഡ് മിഷന്റെ അംഗീകാരത്തോടെ കഴിഞ്ഞ 25 വർഷമായി സ്തുത്യർഹമായ നിലയിൽ പ്രവർത്തിക്കുന്നു. ബാംഗ്ലൂർ ആസ്ഥാനമായ എൻഎറ്റിഎ.യുടെ അക്രഡിറ്റേഷനും സ്ഥാപനത്തിനുണ്ട്. പ്ലസ് -2 പാസ്സായവർക്ക് 3 വർഷത്തെ ബി.റ്റിഎച്ച് ഡിഗ്രി കോഴ്സും, 10-ാം ക്ലാസ് പാസ്സായവർക്ക് രണ്ടു വർഷത്തെ ഡിറ്റിഎച്ച്, സർട്ടിഫിക്കേറ്റ് കോഴ്സും നടക്കുന്നു. ഇംഗ്ലീഷ് മാധ്യമത്തിലാണ് ക്ലാസുകൾ.

## കുടുംബ സംഗമം

ചെന്നൈ: വില്ലിവാക്കം ദൈവസഭയിൽ സെപ്തംബർ 9-ന് കുടുംബസംഗമം നടന്നു. ജയകരമായ കുടുംബ ജീവിതം എന്ന വിഷയത്തെ ആസ്പദമാക്കി പാസ്റ്റർ സണ്ണി ഫിലിപ്പ് ക്ലാസെടുത്തു.

## കുടുംബ സംഗമം

നിരണം: യുപിഎഫിന്റെ ആഭിമുഖ്യത്തിൽ ശുശ്രൂഷക കുടുംബങ്ങളുടെയും യുപിഎഫ് അംഗങ്ങളുടെയും കുടുംബ സംഗമം ഒക്ടോബർ 4 വെള്ളിയാഴ്ച 4 മണി മുതൽ വളഞ്ഞവട്ടം ബഥേൽ ഓഡിറ്റോറിയത്തിൽ പാസ്റ്റർ കെടിഉമ്മൻ ഉദ്ഘാടനം ചെയ്യും. പ്രശസ്ത കൗൺസലർ ജയിംസ് ജോർജ് വെണ്മണി പങ്കെടുക്കും. സ്നേഹവിരുന്നും ഉണ്ടായിരിക്കും.

## രക്ഷാ സന്ദേശ ധ്യാനയോഗം

വൈപ്പിൻ: ഐ.പി.സി.എബനേസർ പ്രെയർ സെന്റർ ധ്യാന യോഗം ഒക്ടോബർ 5-ന് എടവനക്കാട് വ്യാപാര ഭവൻ ഹാളിൽ നടക്കും. പാസ്റ്റർ സജി മാത്യു മണർകാട് പ്രസംഗിക്കും. പാസ്റ്റർ ഷാജി വിരുപ്പിൽ ഇവിടെ ശുശ്രൂഷിക്കുന്നു.

## പിമ്പഴ 2013

പുതുവൈപ്പ്: ഫിലദെൽഫ്യാ ചർച്ചിന്റെ സുവിശേഷ മഹായോഗം ഡിസംബർ 13-15 വരെ മാലിപ്പുറം വെളിഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ കെ.എ.എബ്രഹാം പ്രസംഗിക്കും. സാദ്യത് ഗോസ്പൽ ടീം ഗാനങ്ങൾ ആലപിക്കും. പാസ്റ്റർ ബിജു കെ.എക്സ് നേതൃത്വം വഹിക്കും.



വാഴാർമംഗലം: ഐ.പി.സി.ചെങ്ങന്നൂർ സെന്ററിൽപ്പെട്ട വാഴാർ മംഗലം സഭക്ക് വേണ്ടി പണിയുന്ന ആലയത്തിന്റെ കല്ലീടിൽ പാസ്റ്റർ കെ.എം.ജോൺ നിർവ്വഹിച്ചു. പാസ്റ്റർ ജോസഫ് വർഗീസ് ഇവിടെ ശുശ്രൂഷിക്കുന്നു.




## യാത്രയായവർ

### അന്നമ്മ തോമസ്



മേപ്രാൽ: അട്ടിയിൽ പരുവപറമ്പിൽ പരേതനായ തൊമ്മി തോമസിന്റെ ഭാര്യ അന്നമ്മ തോമസ് (90) നിര്യാതയായി. സംസ്കാരം ഐ.പി.സി.ഹെബ്രോൻ സെമിത്തേരിയിൽ നടന്നു. മുത്തൂർ എടത്തിട്ടയിൽ മേരി ഭവനിൽ കുടുംബാംഗമാണ്.
മക്കൾ: ബാബു, രാജു, സാം, പൊന്നമ്മ, കൊച്ചുമോൾ
മരുമക്കൾ: സൂസമ്മ, ലീലാമ്മ, ജെസി, അച്ചൻകുഞ്ഞ്, ഷാജു (ഇരുവരും ദുബായ്)

### ചാക്കോ ഫിലിപ്പോസ്



കടമ്മനിട്ട: സീതത്തോട് മേലേത്ത് ചാക്കോ ഫിലിപ്പോസ് (കുഞ്ഞച്ചൻ-87) നിര്യാതനായി, സംസ്കാരം സെപ്തം.28-ന് വസതിയിലെ ശുശ്രൂഷക്ക് ശേഷം ഐ.പി.സി.ചാന്തുകാവ് സഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ: വൃന്ദാവനം ഇടയാറന്മുള വീട്ടിൽ മറിയാമ്മ ചാക്കോ
മക്കൾ: ജോയി എം.സി, കുഞ്ഞുമോൾ, റോസമ്മ, വർഗീസ് എം.സി, ലാലി, ദാനിയേൽകുട്ടി, ജെസി, പാസ്റ്റർ റെജി എം.സി, മരുക്കൾ: ശാന്തമ്മ, രാജു, ജോർജ്ജുകുട്ടി, ഓമന, ജെറി, വത്സമ്മ, സാംകുട്ടി, ജോമ

### മദർ മല്ലപ്പള്ളി കുഞ്ഞൂഞ്ഞമ്മ

തിരുവല്ല: ദി പെന്തെക്കോസ്ത് മിഷൻ തിരുവല്ല സെന്റർ മദർ സാറാമ്മ മാത്യു (മല്ലപ്പള്ളി കുഞ്ഞൂഞ്ഞമ്മ-90) സെപ്തം.16ന് നിര്യാതയായി. സംസ്കാരം 18-ന് തിരുവല്ല



ടി.പി.എം.ഹാളിലെ ശുശ്രൂഷകൾക്ക് ശേഷം കുറ്റപ്പുഴ സഭാ സെമിത്തേരിയിൽ പാസ്റ്റർ എം. ജോസഫ് കുട്ടിയുടെ നേതൃത്വത്തിൽ നടത്തി. സെന്റർ പാസ്റ്റർമാരായ പി.വി.ചാക്കോ, ലൂക്ക്, സി. എൽ.സാമുവേൽ, ഡി.കെ.അലക്സ്, ജേക്കബ് പോൾ, പി.ഉലഹന്നാൻ, തോമസ് വൈദ്യൻ, ബാബു ജോർജ്ജ്, സാമുവേൽകുട്ടി എന്നിവർ പ്രസംഗിച്ചു. സെന്റർ പാസ്റ്റർ സി. തോമസ്, അസി.പാസ്റ്റർ എം.പി.മാത്യുക്കുട്ടി എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 1923-ൽ യാക്കോബായ ഓർത്തഡോക്സ് കുടുംബത്തിൽ ജനിച്ച മദർ കുഞ്ഞൂഞ്ഞമ്മ 1940-ൽ രക്ഷിക്കപ്പെട്ടു. 21-ാംവയസിൽ ദൈവവേലക്കിറങ്ങി. ആലുപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഏഴ് പതിറ്റാണ്ടോളം പ്രവർത്തിച്ചു. ആനിക്കാട് കരിയമ്മനാൽ കുടുംബാംഗമാണ്.

## ചെറുവക്കൽ കൺവൻഷൻ

ചെറുവക്കൽ: ഐ.പി.സി.വേങ്ങൂർ സെന്ററിന്റെയും നിലമേൽ കിളിമാനൂർ ഏരിയാകളുടെയും ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെ സംയുക്ത വാർഷിക കൺവൻഷനായ ചെറുവക്കൽ കൺവൻഷൻ ഡിസംബർ 22-29 വരെ നടക്കും. പാസ്റ്റർ കെ.ബെന്നി ജനറൽ കൺവീനറായി പ്രവർത്തിക്കുന്നു. റവ. ഡോ.ജോൺസൺ ഡാനിയേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ രാജേഷ് ഏലപ്പാറ, ജോൺസൺ മേമന, പി.സി. ചെറിയാൻ, വർഗീസ് ഏബ്രഹാം, ബാബു ചെറിയാൻ, കെ.ജെ.മാത്യു എന്നിവർ പ്രസംഗിക്കും.

## പാസ്റ്റർ മാത്യു കെ. ഫിലിപ്പ് ചുമതലയേറ്റു



ഹൂസ്റ്റൺ: പാസ്റ്റർ മാത്യു കെ. ഫിലിപ്പ് ഹൂസ്റ്റൺഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡിന്റെ പാസ്റ്ററായി ചുമതലയേറ്റു. 28 വർഷമായി ഈ സഭയുടെ ശുശ്രൂഷകനായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ശേഷം പാസ്റ്റർ റ്റി.സി. ചാക്കോ വിരമിച്ച സ്ഥാനത്തേക്കാണ് താൻ നിയമിതനായത്. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ കൗൺസിൽ സെക്രട്ടറിയായി പ്രവർത്തിച്ചു വരവെയാണ് അമേരിക്കയിലേക്ക് കുടിയേറിയത്. പാലക്കാട് ഡിസ്ട്രിക്ട് പാസ്റ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## ഐ.പി.സി.സ്റ്റേറ്റ് കൺവൻഷൻ ഗായക സംഘത്തെ തിരഞ്ഞെടുക്കുന്നു

നിലമ്പൂർ: ഡിസംബർ 4-8 വരെ നിലമ്പൂരിൽ നടക്കുന്ന ഐ.പി.സി. സ്റ്റേറ്റ് കൺവൻഷനിൽ പാടുന്നതിനായി ഗായകസംഘത്തെ തിരഞ്ഞെടുക്കുന്നു. കോഴിക്കോട്, പാലക്കാട്, മലപ്പുറം ജില്ലകളിലുള്ളവരെയാണ് തിരഞ്ഞെടുക്കുന്നത്. സജി മത്തായി കാതേട്ട്, പാസ്റ്റർ ബാബു ജോസഫ് എന്നിവർ കൺവീനേഴ്സായി പ്രവർത്തിക്കുന്നു. ഫോൺ: 9447372726

## ഉപവാസ പ്രാർത്ഥന

വിളയംകോട്: ഐ.പി.സി.വിളയംകോട് ഫിലദെൽഫ്യാ സഭയിൽ ആഗസ്റ്റ് 30 മുതൽ സെപ്തം.1 വരെ ഉപവാസ പ്രാർത്ഥനയും ഉണർവ്വ് യോഗങ്ങളും നടന്നു. പാസ്റ്റർമാരായ ഷാജി കുമ്പളപ്പള്ളിൽ, സന്തോഷ് വാകത്താനം, ജോൺസൺ കൊല്ലം എന്നിവർ പ്രസംഗിച്ചു.

## ഒക്ടോബർ 6: ഇവാഞ്ചലിസം സൺഡേ

കുമ്പനാട്: കേരളത്തിലെ ഐ.പി.സി. സഭകൾ ഒക്ടോബർ 6-ന് ഇവാഞ്ചലിസം സൺഡേ ആയി ആചരിക്കും. ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി അന്നേ ദിവസം ധനസമാഹരണം നടത്തുവാൻ കേരളാ സ്റ്റേറ്റ് ഇവാഞ്ചലിസം ബോർഡ് അഭ്യർത്ഥിച്ചു. പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ ദാനിയേൽ കൊന്നനില്ക്കുന്നതിൽ, സജി പോൾ, കുട്ടപ്പൻ എന്നിവർ നേതൃത്വം നൽകുന്ന ഇവാഞ്ചലിസം ബോർഡ് സുവിശേഷീകരണം ലക്ഷ്യമാക്കിയുള്ള നവീന പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. സുവിശേഷ തത്പരരായ യുവാക്കളേയും ദൈവദാസന്മാരെയും ഉൾപ്പെടുത്തി ഒരു ടീമിന് ഇവാഞ്ചലിസം ബോർഡ് രൂപം കൊടുക്കുന്നു. കേരളത്തിലുട നീളം സഞ്ചരിച്ച് സുവിശേഷീകരണം നടത്തുവാൻ ലഭിച്ച വാഹനം പ്രവർത്തനത്തിന് പൂർണ്ണ സജ്ജമായി. ടീമിന്റെ ഭാഗമാകുവാൻ ആഗ്രഹിക്കുന്നവരും ഇവാഞ്ചലിസം ബോർഡുമായി ചേർന്ന് പരസ്യയോഗങ്ങളും, ഇതര സുവിശേഷീകരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുവാൻ താത്പര്യമുള്ള സഭകളും സെന്ററുകളും ബന്ധപ്പെടുക. ഇവാ. ഷിബിൻ ശാമുവേൽ 8129331708

## ക്രിസ്തീയ വനിതാ സമ്മേളനം

കോട്ടയം: യൂണിയൻ ക്രിസ്ത്യൻ ഫെലോഷിപ്പ് കോട്ടയം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 4-ാമത് ക്രിസ്തീയ വനിതാ ഏകദിന സമ്മേളനം ഒക്ടോബർ 7-ന് കോട്ടയം ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ ഹെബ്രോനിൽ നടക്കും. സിസ്റ്റർ ലില്ലിക്കുട്ടി സാമുവേൽ ബാംഗ്ലൂർ മുഖ്യസന്ദേശം നൽകും. യോഗത്തോടനുബന്ധിച്ച് നടത്തുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി സ്പോൺസർമാരെ തിരയുന്നു. ഫോൺ: 9447367021


WANTED TEACHERS

Olive Theological Institute invites application from candidates desiring to serve on its Full Time Faculty.

Qualification : MTh (ATA/Ser)
Stream : Mission, Ministry, Old Testament (ATA/Ser)

Send biodata to:
info@oti.org.in; binucp70@gmail.com
Call us at 09895321871

OLIVE THEOLOGICAL INSTITUTE
Navajeevodayam, Post Box No.16,
Tiruvalla - 689 101, Kerala



Upgrade Your Nursing Career To a HIGHER LEVEL

20-ാം നൂറ്റാണ്ടിൽ ലഭിച്ച നേഴ്സിംഗ് പഠനം 21-ാം നൂറ്റാണ്ടിൽ ആരോഗ്യമേഘലയ്ക്ക് ഉതകുന്നില്ല. നിങ്ങൾക്ക് ഒരു പക്ഷേ നഴ്സിംഗിന് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയും, വർഷങ്ങളോളമുള്ള പ്രവർത്തന പരിചയവും ഉണ്ടെങ്കിൽ പോലും ചിലപ്പോൾ നിങ്ങളുടെ സി.വി. പിന്തള്ളപ്പെടാം...

എന്തുകൊണ്ട് നിങ്ങൾ സ്വപ്നം കാണുന്ന ഉന്നത വിദ്യാഭ്യാസ പദവിയിലേക്ക് എത്തിക്കൂടാ...? GNM കഴിഞ്ഞവർക്ക് നേരിട്ട് രണ്ട് വർഷം കൊണ്ട് വളരെ ചുരുങ്ങിയ ചിലവിൽ PC.B.Sc Nursing Degree കരസ്ഥമാക്കാം. B.Sc. Nursing കഴിഞ്ഞവർക്ക് 2 വർഷം കൊണ്ട് Peadiatric, Medical & Surgical, Maternity, Community Health, Psychiatric എന്നീ ശാഖകളിൽ M.Sc. Nursing നേടാം, M.Sc Nursing നേടിയവർക്ക് Research ലൂടെ Nursing Ph.D കരസ്ഥമാക്കാം.



FOR COUNSELLING & ADMISSION
98471 43030

M.Sc NURSING
Regular & Correspondance

P.C.B.Sc NURSING
Regular & Correspondance

For Admissions contact us @
9847143030 | 9447413000

DISHAA FOUNDATION
2nd floor, Sankaramangalam Buildings
Cross Junction, Thiruvalla-1
0469-3250555/3268555, 9847143030
dishaafoundation@hotmail.com
www.dishaafoundation.com | www.dishaafoundation.in



യേശു എൻ അഭയം

സി.ഡി

രചന: ഡോ.പി.കെ.സാം മല്ലശ്ശേരി
സംഗീതം: കെ.ജെ.പീറ്റർ, കണ്ണൂർ ജോയി, സിബി ആന്റണി, അലക്സ് കോടുകുളഞ്ഞി
സംഗീത സംവിധാനം: സാനന്ദ് ജോർജ്ജ് തിരുവനന്തപുരം




വില: 100 രൂപ
തപാലിൽ വേണ്ടവർ
130 രൂപ മുൻകൂർ
എം.ഒ.അയക്കുക.

| പാട്ടുകൾ | പാടിയവർ |
|---|---|
| 1. മാനസം കലങ്ങിടല്ലേ | എം.ജി.ശ്രീകുമാർ |
| 2. ദൈവജനമേ യേശുവിൻ സമൂഹമേ | കെസ്റ്റർ |
| 3. ആശ്വാസം ലഭിച്ചീടുവാൻ | ജോത്സ്ന |
| 4. സീയോൻ മണാളനേ ശാലേമിൻ പ്രിയനേ | കെ.ജി.മാർക്കോസ് |
| 5. ഞാനെത്ര ഭാഷകൾ സംസാരിച്ചാലും | വിജയ് യേശുദാസ് |
| 6. ദീർഘായുസ്സാർക്കുമളക്കുവാൻ | രാധികാ തിലക് |
| 7. എന്നുമെന്നും ധന്യവാനായ് | സുധീപ് കുമാർ |
| 8. ജീവിതമേ എനിക്കാനന്ദമേ | ബിജു നാരായണൻ |
| 9. ഒരു പാടു ദുഃഖങ്ങൾ പറയാനുണ്ടെനിക്ക് | എം.ജി.ശ്രീകുമാർ |
| 10. യേശു എന്നഭയകേന്ദ്രം | മധു ബാലകൃഷ്ണൻ |
| 11. സ്തുതിക്കാം സ്തുതിക്കാം | സ്റ്റീഫൻ കെ.സാം |
| 12. നിസ്തുല്യ ജീവിതം ക്രിസ്തീയ ജീവിതം | റിമി ടോമി |
| 13. ആരെല്ലാം കൈവിട്ടാലും | ജി.വേണുഗോപാൽ |
| 14. യഹോവയെ കാത്തിരിക്കും ഞാൻ | കെസ്റ്റർ |

സി.ഡി.ആവശ്യമുള്ളവർ ബന്ധപ്പെടേണ്ട വിലാസം:
സെക്രട്ടറി, ബൈബിൾ ക്രിസ്ത്യൻ സെന്റർ
മല്ലശ്ശേരി പോസ്റ്റ്, പത്തനംതിട്ട 689 646
ഫോൺ: 0468-2335275

# ഹാലേലൂയ്യ matrimony

**മക്കളുടെ വിവാഹത്തിന് ഒരു ടെലിഫോൺ കോളും 500 രൂപയും**

ഹാലേലൂയ്യായിൽ വിവാഹ പരസ്യം പ്രസിദ്ധീകരിക്കുവാൻ താത്പര്യപ്പെടുന്നവർക്ക് ടെലിഫോൺ വഴിയും പരസ്യങ്ങൾ നൽകാവുന്നതാണ്.

**93495 00155, 0469-3290355**

Pentecostal parents settled in USA invite proposals for their son (28 years, 5'9", fair) born again, baptized & spirit filled. He is family oriented with high spiritual & moral values. He was born & brought up in the Middle East, & is currently working as a Pharmacist (Doctor of Pharmacy) in USA. Seeks alliance from parents of Pentecostal girls (Doctors or Engineers) with similar background. Please respond with details & recent photographs to **godprovides1@gmail.com**

Pentecostal parents invite proposals for their daughter (26, 5' 1"), fair, slim working as a Registered Nurse (RN) in a reputed firm in US. She is born again, baptized, spirit filled & actively involved in church activities. Parents of suitable match from US who uphold spiritual qualities and are professionally qualified may respond with details & recent picture to:
**godsmatch13@yahoo.com**
**Call at (832)4237654 (US)**

Syrian Christian (Marthomite) pentecost mother invite proposals for her daughter 33 years height 5', M.Com (Finance) born & brought up in North India convent educated working in a private concern in Kerala. Interested eligible candidate may contact on
**Tel.No. 0469-2686132**

Proposals inviting for pentacostal boy 32/178cm B.Com., MBA, Fair, from parents of professionally qualified girls. Interested may contact with profile and photo to:
**z.koshy@yahoo.com, 7736207533**

God fearing baptized Pentecostal boy 33/170cm, B.Com, brought up outside Kerala, working as Marketing Manager in family business. Looking for proposals from God fearing, born again, baptized & qualified girls.
**09714982373, prinothomas@gmail.com**

ഹൈന്ദവ പശ്ചാത്തലത്തിൽ നിന്ന് ഏകയായി വിശ്വാസത്തിൽ വന്ന യുവതി 30, 5'3, BA Computer, മുംബൈയിൽ കമ്പ്യൂട്ടർ അധ്യാപികയായി ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 08097609086,**

ഹൈന്ദവ പശ്ചാത്തലത്തിൽ നിന്ന് വിശ്വാസത്തിൽ വന്ന യുവതി 27, 5, മുംബൈയിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 08097609086,**

ചേരമർ പെന്തെക്കോസ്ത് യുവതി 26, 5, S.S.L.C., Bible School പഠനം. വിശ്വാസികളുടെ കുടുംബത്തിൽ നിന്ന് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ : 08156817234**

ഭാര്യ മരിച്ചുപോയ പെന്തെക്കോസ്ത് യുവാവ് 37, 5½", സുമുഖൻ, ഇരുനിറം, സ്വന്തമായി വീടും ചുറ്റുപാടുമുണ്ട്. ജോലിയോടൊപ്പം സുവിശേഷ പ്രവർത്തനവും ചെയ്യുന്നു. താത്പര്യമുള്ളവരിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9495271768, 9496118359**

Every good gift and every perfect gift is from above, coming down from the Father of lights

Since : 1988 GRACE Visual media

make your dream reality
Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...., Advertising, Fashion Photography, Cinimatography, Video Album Direction & Event plus...Tension free events...

HIGH DEFINITION PHOTOGRAPHY & VIDEO GRAPHY

Direction: HEBORN DAVID (sabu)
Grace Visual Media Shoranur, palakkad Dt., Kerala, S- India
09447255475, 09447370979
www.gracevisualmedia.com, E-mail: gracevisual@gmail.com

**പുനർവിവാഹം**
സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 30, 158, PDC, DCA, നാലു വയസ്സുള്ള മകൻ കൂടെയുണ്ട്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9544442496**

ഗുജറാത്തിൽ ജനിച്ചു വളർത്തപ്പെട്ടതും സ്നാനപ്പെട്ട് ദൈവകൃപയിൽ നില്ക്കുന്നതുമായ പെന്തെക്കോസ്ത് യുവാവ് (22-07-1986), 5'5'' MBA, ഇപ്പോൾ ഷാർജയിൽ (യു.എ.ഇ) ജോലി ചെയ്യുന്നു. Professionally qualified ആയ ജോലിയുള്ള പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു. വടക്കേ ഇന്ത്യയിൽ ജനിച്ചു വളർത്തപ്പെട്ടവർക്ക് മുൻഗണന.
**ഫോൺ: 08000499419**
**(5.30 Pm - 11 Pm)**
**varghesethomas1986@gmail.com**

പെന്തെക്കോസ്ത് യുവാവ് 28, 5'8, SSLC സൗദിയിൽ Aluminium Fabrication ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.
**ഫോൺ: 9495430939**

## ഐ.പി.സി ശാലോം ഫെലോഷിപ്പ് ആരാധന പുതിയ സ്ഥലത്തേക്ക്

- 'യഥാർത്ഥ പെന്തക്കോസ്ത്' അഭിഷേകത്തിന്റെ ആരാധന
- 'യഥാർത്ഥ പെന്തക്കോസ്ത്' ഉപദേശങ്ങളുടെ വചനശുശ്രൂഷ
- 'യഥാർത്ഥ പെന്തക്കോസ്ത്' അനുഭവങ്ങളുടെ കൂട്ടായ്മ

**IPC SHALOM FELLOWSHIP**
*real pentecostals*

എല്ലാ ഞായറാഴ്ചയും ആരാധന 9 മുതൽ 10.30 വരെ ഇംഗ്ലീഷിലും 10.30 മുതൽ 12 വരെ മലയാളത്തിലും.

ഐ.പി.സി ശാലോം ഫെലോഷിപ്പ് വൈറ്റിലയിൽ എൻ.എച്ച്. ബൈപാസ് ഓവർ ബ്രിഡ്ജിന് താഴെ I Drive പാർക്കിംഗ് സമീപത്ത് നടന്നുകൊണ്ടിരുന്ന ആരാധന വൈറ്റില ജനതാ റോഡിലേക്ക് മാറ്റിയിരിക്കുന്നു.

Ph: 9847748079, 9895591379,
E-mail: shalomvyttila@hotmail.com, Web: www.shalomprayercentre.org

## കാക്കനാട്ട് സ്ഥലം വിൽപ്പനയ്ക്ക്

**കാക്കനാട്ട് സീപോർട്ട് -എയർപ്പോർട്ട് റോഡിൽനിന്ന് ഒരു കിലോമീറ്റർ ദൂരത്തിൽ 30 സെന്റ് സ്ഥലം.**
(ബ്രോക്കർമാർ വിളിക്കേണ്ടതില്ല)


Ph: 9847129353

## പാസ്റ്റർ അനിയൻകുഞ്ഞ് ജോർജ്ജിന്റെ ഫോൺ നമ്പർ

9846821874( Kerala),
08289818109
(Outside Kerala)
email:
armyofjesusprayergroup@gmail.com

## INTERNATIONAL REVIVAL CHURCH, TORONTO

P.O. BOX 30074, 5035 Hurontario St., Mississauga, ON L4W 0B0, CANADA.
WORSHIP PLACE: 4150 Chesswood Dr. North York, ON M3J 2B9



***Sunday Worship Service:***
Malayalam 9.00 a.m. - 10.15 a.m.
English 11.00 a.m. - 12.30 p.m.
Sunday School 10.15 a.m. - 11.00 a.m
Cottage Meeting: Friday 7.30 p.m. - 9.30 p.m.
Saturday Prayer Meeting: 7.30 p.m. - 9.30 p.m.
Youth Meeting/Ladies meeting:
2nd Saturday 7.30 p.m. - 9.30 p.m.

***Pastor John Thomas (647) 833 9744***
pastorjt@irctoronto.com Web:**www.irctoronto.com**

WHEN YOU ARE IN TORONTO, JOIN US FOR INDEPTH STUDY OF THE WORD AND SPIRITFILLED WORSHIP IN A FAMILY ATMOSPHERE.

## രോഗിയായ പാസ്റ്ററെ സഹായിക്കുക

ഐ.പി.സി.തിരുവനന്തപുരം സൗത്ത് സെന്ററിൽ പുതുകുളങ്ങര സഭയുടെ സ്ഥാപകനാണ് പാസ്റ്റർ സി.കൃഷ്ണൻ. ഹിന്ദു മാർഗ്ഗത്തിൽ നിന്ന് രക്ഷിക്കപ്പെട്ട് സുവിശേഷ പ്രവർത്തകനായ ഇദ്ദേഹം ചില വർഷങ്ങളായി രോഗിയായി കഷ്ടതയിലായി. പ്രമേഹ രോഗബാധിതനായി രണ്ടുകാലുകളും പഴുപ്പ് ബാധിച്ച് 4 മാസം ആശുപത്രിയിലായിരുന്നു. പിന്നീട് ഹൃദ്രോഗ ബാധിതനായി. ചികിത്സക്കും ഉപജീവനത്തിനും ബുദ്ധിമുട്ടുന്ന ഈ ദൈവദാസനെ സഹായിക്കുക.

**C.Krishnan,** SBT- Kattakkada
A/c.No.57037433474
Address: Pr.C.Krishnan,
Vazhuthanamukal Kattakkal Veedu,
Undappara, Poovachal P.O.,
Thiruvananthapuram-695575
Mob.9895539108

## സുവിശേഷ വേലക്കാരെ ആവശ്യമുണ്ട്

കർണ്ണാടക സ്റ്റേറ്റിൽ ദക്ഷിണ കർണ്ണാടകയിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ള വേലക്കാരെ ക്ഷണിക്കുന്നു. ആകർഷകമായ സപ്പോർട്ട് ലഭ്യമാകും. ബന്ധപ്പെടുക:
**Ph: 07760458797**

## ആവശ്യമുണ്ട്

ഓഫീസ് ജോലികൾ കൈകാര്യം ചെയ്യുവാൻ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള സഹോദരിയെ ആവശ്യമുണ്ട്. താത്പര്യമുള്ളവർ ബന്ധപ്പെടുക.
**9846821874,**
armyofjesusprayergroup@gmail.com

## കുമ്പനാട്ട് സ്ഥലം വില്പനക്ക്

**തട്ടക്കാട് ഐ.പി.സി. ഹാളിന് സമീപം 50 സെന്റ് സ്ഥലം പ്ലോട്ടുകളായി വില്പനക്ക്.**

**ഫോൺ: 9846553241, 9387436920**

## ഡ്രൈവറെ ആവശ്യമുണ്ട്

ക്രിസ്തീയ സ്ഥാപനത്തിൽ വാഹനം ഓടിക്കുവാനും, അവിടെയുള്ള മറ്റ് കാര്യങ്ങൾക്ക് മേൽനോട്ടം വഹിച്ചു നടത്തുവാനും പ്രാപ്തനായ 4/2 ചക്രവാഹനങ്ങൾ ഓടിക്കുവാൻ ലൈസൻസും, പരിചയവുമുള്ള ഡ്രൈവറെ ആവശ്യമുണ്ട്.
കുടുംബമായി താമസിക്കുവാൻ താത്പര്യമുള്ളവർക്കും അപേക്ഷിക്കാം. ശമ്പളവും മറ്റു വ്യവസ്ഥകളും നേരിൽ കണ്ട് സംസാരിച്ച് ഉറപ്പാക്കുക.

**ബന്ധപ്പെടേണ്ട നമ്പരുകൾ: 9447344997, 9656163087**

## മണിമലയാറിന്റെ തീരത്ത് ആത്മീയ ആരാധനക്ക്

21-ാം വർഷം

## ഐ.പി.സി ബഥേൽ വർഷിപ്പ് സെന്റർ

ലയൺസ് ക്ലബിന് സമീപം, മണിമല



**കൃപാവരശുശ്രൂഷകൻ**
**പാസ്റ്റർ സജി പി ഏബ്രഹാം (കാനം സജി)**
**നേതൃത്വം നൽകുന്നു.** ഫോൺ: **9846184544**

ആരാധന: ഞായർ 10.00-1.00
സണ്ടേസ്കൂൾ 9.00-10.00
ഉപവാസയോഗം: വെള്ളി 10.30-1.00

**ആരാധന–വിടുതൽ–ദൈവീക ആലോചന**

## തിരുവനന്തപുരത്ത് സെല്ലാറുകൾ വില്പനക്ക്

തിരുവനന്തപുരത്ത് നെട്ടയം മലമുകളിൽ 12 അടി വഴി frontage ഉള്ള പണി പൂർത്തീകരിച്ച രജിസ്ട്രേഷൻ നടന്നു കൊണ്ടിരിക്കുന്നതുമായ സെല്ലാറുകളും (കല്ലറകൾ) പരുത്തുംപാറയിലും വില്പനക്ക്.
**ഫോൺ: 8714229702, 8547702705.**

WWW.GODSOWNLANGUAGE.COM
സൗജന്യ മലയാള ക്രൈസ്തവ റിസോഴ്സ് വെബ്സൈറ്റ്
സമ്പൂർണ്ണ മലയാളം ബൈബിൾ (പി. ഡി. എഫ് & യൂണിക്കോഡ്), ഓൺലൈൻ റേഡിയോ, ലൈവ് ടി.വി., ലേഖനങ്ങൾ, പുസ്തകങ്ങൾ, ക്രൈസ്തവ മാസികകൾ–പത്രങ്ങൾ, പാട്ടു പുസ്തകങ്ങൾ, ട്രാക്റ്റുകൾ, ബൈബിൾ വോൾപേപ്പറുകൾ, പ്രസംഗങ്ങൾ, ബൈബിൾ ക്ലാസ്സുകൾ, ഓഡിയോ ബൈബിൾ, ബൈബിൾ കഥകൾ, ഗാനങ്ങൾ, കുട്ടികൾക്കുള്ള ഗാനങ്ങൾ, നിരവധി ഓഡിയോ – വീഡിയോ മെറ്റീരിയലുകൾ, ബൈബിൾ സോഫ്റ്റ്വെയറുകൾ, മൊബൈല് ആപ്ലിക്കേഷനുകൾ തുടങ്ങി ഒട്ടനേകം മലയാള ക്രൈസ്തവ വിഭവങ്ങൾ.... അതും തികച്ചും സൗജന്യമായി.....
facebook WWW.FACEBOOK.COM/GODSOWNLANGUAGE

No. 1 Christian Newspaper
HALLELUJAH Fortnightly
Mob: 9349500155, 0469-3290355

Hallelujah
Periyillathu Thoppil Complex
Near YMCA, Tiruvalla - 689 101
Pathanamthitta, Kerala, India.
hallelujahnews@gmail.com

Reg. No. KL/KTM/209/2012-14
Licence No. KL/CR/KTM/WPP-28/2012-14
Licensed to Post without Prepayment
Posted on 1st October 2013 at RMS Kottayam

# ടുൾസാ ക്രിസ്ത്യൻ അസംബ്ലി ആലയപ്രതിഷ്ഠ




ഒക്കലഹോമ: ടുൾസാ നഗരത്തിലെ ബഥേൽ ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ ആരാധനാലയ സമർപ്പണം ഒക്ടോബർ 19-ന് നടക്കും. ഒർലാന്റോ ഐ.പി.സി.സഭാ ശുശ്രൂഷകനായ റവ. ജേക്കബ് മാത്യു ശുശ്രൂഷ നിർവ്വഹിക്കും. ലോകപ്രശസ്തമായ ഓറൽ റോബർട്സ് യൂണിവേഴ്സിറ്റിക്ക് സമീപമാണ് ബഥേൽ അസംബ്ലിക്ക് ആരാധനാലയം ലഭിച്ചിരിക്കുന്നത്. പാസ്റ്റർ സാംകുട്ടി വർഗീസ് സഭാ ശുശ്രൂഷകനാണ്. 20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മലങ്കരയിൽ ആഞ്ഞുവീശിയ ആത്മിക കൊടുങ്കാറ്റിൽ പിറന്നു വീണ മലയാളി പെന്തെക്കോസ്തുകാരുടെ പൈതൃകവും ദർശനവും കൈവിടാതെ അമേരിക്കൻ മണ്ണിൽ സുവിശേഷത്തിനും ആരാധനക്കും ഊന്നൽ കൊടുത്തുകൊണ്ട് മലയാളത്തനിമ കാത്തുസൂക്ഷിക്കുവാൻ ബഥേൽ ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി പ്രതിജ്ഞാബദ്ധമാണെന്ന് സെക്രട്ടറി ബിനോയ് ലൂക്ക് പ്രസ്താവിച്ചു. ഒക്ടോബർ 18 വെള്ളിയാഴ്ച വൈകിട്ട് 6നും ശനിയാഴ്ച വൈകിട്ട് 6നും പൊതുയോഗവും 20-ന് സംയുക്ത ആരാധനയും ഉണ്ടായിരിക്കും. യൂത്ത് മീറ്റിംഗ്, സൺഡേസ്കൂൾ ഉപവാസ പ്രാർത്ഥനകൾ എന്നിവ ഓരോ ആഴ്ചയിലും ക്രമീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പാസ്റ്റർ സാംകുട്ടി വർഗീസ് 918-8133502, സെക്രട്ടറി ബിനോയ് ലൂക്ക് 9184073265











VRINDAVAN GARDEN VILLA

Experience the Luxury of hi - living at Vrindavan.

Vrindavan garden villas bring you the luxury of your own space, beautifully fitted with the highest quality tiles, wall finishes, woodwork and more. The beauty of nature will be incorporated into the design, with provision for wonderful views of the green surroundings, natural light and ample fresh air.

- 14 stylish & spacious villas for hi living.
- Area of one villa is 1950 sqft. in 8 Cent plot.

Booking started!
Contact us now at:
jobthomas@vrindavanbuilders.com
91 9605684912





VRINDAVAN
BUILDERS & DEVELOPERS

Head Office : Vrindavan Builders & Developers , Mavelikara. Alappuzha Dist, Kerala - 690101
sales@vrindavanbuilders.com | www.vrindavanbuilders.com

PRINTED,PUBLISHED & OWNED BY PLENCY GEORGE AND PRINTED AT MANGALAM PRESS, S.H.MOUNT .P.O.KOTTAYAM, KERALA-686 006 . AND PUBLISHED FROM HALLELUJAH, P.O.BOX.NO.1, PERIYILLATHU THOPPIL COMPLEX, TIRUVALLA,PATHANAMTHITTA DISTRICT,KERALA-689 101. EDITOR: SAMKUTTY M.CHACKO.